VOL NO: 08 | ISSUE 46
2024 NOVEMBER 16 | ₹10

# നേർപഥം

വാരിക
www.nerpatham.com | mail@nerpatham.com

കേരളത്തിന്റെ പൊതുവിദ്യാഭ്യാസം നിലവാരത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണെന്നും മൂല്യനിർണയത്തിൽ അപാകതകളുണ്ടെന്നുമുള്ള ഉത്തരവാദപ്പെട്ടവരുടെ വെളിപ്പെടുത്തൽ ഞെട്ടലോടെയാണ് സമൂഹം ശ്രവിച്ചത്. പ്രശ്നങ്ങൾ തിരിച്ചറിയുമ്പോൾ തന്നെ പരിഹാരം നിർദേശിക്കുന്നിടത്ത് ഇനിയും തിരിച്ചറിവുകൾ ആവശ്യമാണെന്ന് പറയാതെ വയ്യ.

## കേരള മോഡൽ വിദ്യാഭ്യാസം; വേണം ഒരു പുനരാലോചന

**മതജീവിതം മൗലികാവകാശം**

|| ഹദീസ് വിരോധത്തിലെ അപകടങ്ങൾ

|| മുനമ്പം വഖഫ് ഭൂമി പ്രശ്നം; വേണ്ടത് നീതിയുക്തമായ പരിഹാരം

|| പ്രമാണവചനങ്ങളെ യുക്തിയുടെ മൂശയിൽ വാർത്തെടുക്കുകയോ?




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0408
# നേർപഥം
വാരിക

2024 നവംബർ 16
1446 ജു. ഊലാ 14
പുസ്തകം 08 / ലക്കം 46




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




10 കേരള മോഡൽ വിദ്യാഭ്യാസം; വേണം ഒരു പുനരാലോചന

സി. മുഹമ്മദ് അജ്മൽ

കേരളത്തിന്റെ പൊതുവിദ്യാഭ്യാസം നിലവാരത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണെന്നും മൂല്യനിർണയത്തിൽ അപാകതകളുണ്ടെന്നുമുള്ള ഉത്തരവാദപ്പെട്ടവരുടെ വെളിപ്പെടുത്തൽ ഞെട്ടലോടെയാണ് സമൂഹം ശ്രവിച്ചത്. പ്രശ്നങ്ങൾ തിരിച്ചറിയുമ്പോൾ തന്നെ പരിഹാരം നിർദേശിക്കുന്നിടത്ത് ഇനിയും തിരിച്ചറിവുകൾ ആവശ്യമാണെന്ന് പറയാതെ വയ്യ.

05 മുഖമൊഴി
മുനമ്പം വഖഫ് ഭൂമി പ്രശ്നം; വേണ്ടത് നീതിയുക്തമായ പരിഹാരം

06 ലേഖനം
ഹദീസ് വിരോധത്തിലെ അപകടങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

15 ലേഖനം
മതജീവിതം മൗലികാവകാശം
ഉസ്മാൻ പാലക്കാഴി

18 ചരിത്രപഥം
തൂലിക പടവാളാക്കിയ പരിഷ്കർത്താവ്
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

22 ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

25 നീണ്ടകഥ
വിജയം അകലെയല്ല
ബിസ്മിത എം.

26 വിമർശനം
പ്രമാണവചനങ്ങളെ യുക്തിയുടെ മൂശയിൽ വാർത്തെടുക്കുകയോ?
മൂസ സ്വലാഹി കാര

31 കർമപഥം
ജുമുഅ നമസ്കാരം
വിവ. അബ്ദുൽ ജബ്ബാർ മദീനി

34 ബാലപഥം
നേരിന്നൊപ്പം നീങ്ങാം
ഹുസ്ന മലോറം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ദുഷ്പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം: വിസ്ഡം ആദർശ സമ്മേളനം

കോഴിക്കോട്: ഇസ്‌ലാമിക പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് വികലമായ വിശ്വാസങ്ങളും ആചാരങ്ങളും പ്രചരിപ്പിക്കുന്നതിനെതിരെ ജാഗ്രത പാലിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മുജാഹിദ് ആദർശ സമ്മേളനം ആഹ്വാനം ചെയ്തു.

'തൗഹീദ്, പ്രമാണം, പ്രസ്ഥാനം' എന്ന പ്രമേയത്തിലാണ് ആദർശ സമ്മേളനം സംഘടിപ്പിച്ചത്. അധികാര ദുർവിനിയോഗത്തിലൂടെ സംഘടനാ സംവിധാനങ്ങൾ പിടിച്ചടക്കുകയും ഇസ്‌ലാമിക പ്രമാണങ്ങളെയും വിശ്വാസ-ആചാരങ്ങളെയും തള്ളിപ്പറയുകയും ചെയ്യുന്ന പ്രസ്ഥാനങ്ങൾക്കെതിരെ വിശ്വാസി സമൂഹം ജാഗ്രത പാലിക്കണമെന്നും സമ്മേളനം കൂട്ടിച്ചേർത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, ഫൈസൽ മൗലവി പുതുപ്പറമ്പ്, പ്രൊഫ. ഹാരിസ് ഇബ്നു സലീം, സി.പി സലീം, അബ്ദുൽ മാലിക് സലഫി, താജുദ്ദീൻ സ്വലാഹി, നിഷാദ് സലഫി, ശമീൽ മഞ്ചേരി എന്നിവർ വിഷയാവതരണം നടത്തി. ■

# പാലക്കാട് ജില്ലാ സർഗവസന്തം: അലനല്ലൂർ മണ്ഡലം ജേതാക്കൾ

പാലക്കാട്: വിസ്ഡം പാലക്കാട് ജില്ലാ എജ്യുക്കേഷൻ ബോർഡ് സംഘടിപ്പിച്ച ജില്ലാ 'സർഗവസന്തം' സാഹിത്യ-വൈജ്ഞാനിക മത്സരങ്ങളിൽ 475 പോയിന്റോടെ അലനല്ലൂർ മണ്ഡലം ഓവറോൾ ജേതാക്കളായി. 447 പോയിന്റോടെ പട്ടാമ്പി മണ്ഡലം രണ്ടാം സ്ഥാനവും, 440 പോയിന്റുമായി തച്ചമ്പാറ മണ്ഡലം മൂന്നാം സ്ഥാനവും നേടി.

പേഴുങ്കര മോഡൽ ഹൈസ്കൂളിൽ നടന്ന പരിപാടിയിൽ എടത്തനാട്ടുകര, അലനല്ലൂർ, മണ്ണാർക്കാട്, തച്ചമ്പാറ, ഒലവക്കോട്, പാലക്കാട്, ആലത്തൂർ, ഒറ്റപ്പാലം, പട്ടാമ്പി എന്നീ മണ്ഡലങ്ങളിൽനിന്നായി 800ൽ അധികം പ്രതിഭകൾ പങ്കെടുത്തു.

കിഡ്സ്, ചിൽഡ്രൻ, സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിലായി 107 ഇനങ്ങളിലാണ് മത്സരങ്ങൾ നടന്നത്. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാ പ്രസിഡന്റ് പി.ഹംസക്കുട്ടി സലഫി ഉദ്ഘാടനം ചെയ്തു. വിസ്ഡം ജില്ലാ സെക്രട്ടറി റഷീദ് കൊടക്കാട്ട് അധ്യക്ഷത വഹിച്ചു.

മോഡൽ ഹൈസ്കൂൾ ഓർഫനേജ് മാനേജർ എൻ.പി.മുഹമ്മദ് അഷ്‌റഫ്, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാ ട്രഷറർ മുജീബ് റഹ്‌മാൻ കൊടുവായൂർ, കെ.അർഷദ് സ്വലാഹി, ഉണ്ണീൻ ബാപ്പു. ശാഫി അൽഹികമി, അബ്ദുൽ കരീം എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനം വി. ഷൗക്കത്തലി അൻസാരി ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാ ജോയിന്റ് സെക്രട്ടറി ജാഫറലി അധ്യക്ഷനായി. ഒ.മുഹമ്മദ് അൻവർ, നൗഫൽ കളത്തിങ്കൽ, സാദിക് അബ്ദുല്ല എന്നിവർ പ്രസംഗിച്ചു. വിജയികൾക്കുള്ള സമ്മാന വിതരണം വിസ്ഡം ജില്ലാ ഭാരവാഹികൾ നടത്തി. ■

# മുനമ്പം വഖഫ് ഭൂമി പ്രശ്നം; വേണ്ടത് നീതിയുക്തമായ പരിഹാരം

വക്ഫ് സ്വത്തുകളുടെ കയ്യേറ്റത്തെക്കുറിച്ച് പഠിക്കാൻ 2007ൽ വിഎസ് അച്യുതാനന്ദൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് എം.എ. നിസാർ കമ്മീഷന്റെ റിപ്പോർട്ട് പുറത്തുവന്നതോടെയാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾ തുടങ്ങുന്നത്.

ഗുജറാത്തുകാരനായ അബ്ദുൽ സത്താർ സേട്ട് കൊച്ചിയിൽ എത്തുന്ന 1902ലാണ് മുനമ്പം വേളാങ്കണ്ണി കടപ്പുറത്തിന് ചുറ്റുവട്ടത്തുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച ചരിത്രം തുടങ്ങുന്നത്. തിരുവിതാംകൂർ മഹാരാജാവ് 406 ഏക്കർ ഭൂമി കൃഷി ആവശ്യത്തിനായി സേട്ടിന് പാട്ടത്തിന് കൊടുത്തു. 1948 ആയപ്പോഴേക്കും സത്താർ സേട്ടിന്റെ പിൻഗാമിയായ സിദ്ദീഖ് സേട്ടിന്റെ പേരിൽ ആ ഭൂമി രാജാവ് തീറാധാരം ചെയ്തു നൽകി. കേരളപ്പിറവക്ക് മുൻപാണ് ഇതൊക്കെ സംഭവിക്കുന്നത്.

മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ 1948 ഓഗസ്റ്റ് 12ന് തുടക്കം കുറിച്ച കോഴിക്കോട്ടെ ഫറൂഖ് കോളേജിന് മുനമ്പത്തെ ഭൂമി സിദ്ദീഖ് സേട്ട് വക്ഫ് ചെയ്തു. അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് ഒരു വസ്തു അങ്ങനെത്തന്നെ നിലനിർത്തിക്കൊണ്ട് അതിന്റെ വരുമാനവും അതുകൊണ്ടുള്ള ഗുണവും എന്തെങ്കിലും ഒരു പ്രത്യേക നന്മക്ക് വേണ്ടി, അല്ലെങ്കിൽ പൊതുനന്മകൾക്ക് വേണ്ടി നിശ്ചയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുക എന്നതാണ് വക്ഫിന്റെ താൽപര്യം.

ഇവിടുത്തെ ലക്ഷ്യം ഫറൂഖ് കോളേജിന്റെ വിദ്യാഭ്യാസ പുരോഗതിയായിരുന്നു. 1950 നവംബർ 1ന് എടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ വെച്ചായിരുന്നു നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്. കോളേജിന് ഈ ഭൂമി ആവശ്യമല്ലാതെ വരുന്ന ഘട്ടത്തിൽ സിദ്ദീഖ് സേട്ടിനോ അദ്ദേഹത്തിന്റെ അവകാശികൾക്കോ ഭൂമി തിരിച്ച് നൽകണമെന്ന വ്യവസ്ഥയോടെയായിരുന്നു കൈമാറ്റം. വെല്ലുവിളികൾ നിറഞ്ഞ കോളേജിന്റെ മുന്നോട്ടുള്ള പോക്കിൽ ശ്രദ്ധകേന്ദ്രീകരിച്ചതുകൊണ്ടോ എന്തോ ഫറൂഖ് കോളേജ് മാനേജ്മെന്റ് എറണാകുളം ജില്ലയിലുള്ള മുനമ്പത്തെ ഭൂമിയിലേക്ക് തിരിഞ്ഞ് നോക്കിയിരുന്നില്ല എന്നും ഫറൂഖ് കോളേജിന്റെ അഭിഭാഷകരായിരുന്ന അഡ്വ. എംവി പോളും അഡ്വ. മൈക്കിളും ആയിരുന്നു ഭൂമി നോക്കി നടത്തിയിരുന്നത് എന്നും അവർക്ക് ഫറൂഖ് കോളേജ് പവർ ഓഫ് അറ്റോണി നൽകിയെന്നും അതുവെച്ച് അവർ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി കൈമാറ്റം ചെയ്തുവെന്നുമാണ് പറയപ്പെടുന്നത്.

23 സ്ഥലങ്ങളിലായി 600 ഏക്കർ വക്ഫ് സ്വത്തുകൾ അന്യാധീനപ്പെട്ടിട്ടുണ്ട് എന്നതായിരുന്നു നിസാർ കമ്മീഷന്റെ കണ്ടെത്തൽ. അതിൽ ഏറ്റവും കൂടുതൽ കയ്യേറ്റം നടന്നതായി കണ്ടെത്തിയത് മുനമ്പത്താണ്. 407 ഏക്കറിൽ 188 ഏക്കർ വിൽപന നടത്തിയതായാണ് കണ്ടെത്തൽ. 22 ഏക്കർ കടലെടുത്തു. 196 ഏക്കർ ബാക്കി കിടപ്പുണ്ടെന്നും പറയുന്നു. ഈ റിപ്പോർട്ട് 2010ൽ അംഗീകരിച്ച സർക്കാർ തുടർനടപടികൾക്ക് നിർദേശം നൽകി.

വക്ഫ് സംരക്ഷണ സമിതിയെന്ന കൂട്ടായ്മയാണ് ഭൂമി തിരിച്ചുപിടിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചത്. ഹർജിയുടെ അടിസ്ഥാനത്തിൽ ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടികൾ തുടങ്ങണമെന്ന് ഹൈക്കോടതി 2016ൽ സർക്കാരിന് നിർദേശം നൽകി. മനുഷ്യവകാശ പ്രശ്നമെന്ന നിലയിൽ മുനമ്പത്തുകാർക്ക് കരം അടക്കാനുള്ള അനുമതി റവന്യൂ വകുപ്പ് നൽകിയെങ്കിലും വക്ഫ് സംരക്ഷണ സമിതിക്കാരുടെ ഹർജിയിൽ സർക്കാർ തീരുമാനത്തിന് കോടതി സ്റ്റേ നൽകി.

വർഗീയതയും ഭിന്നിപ്പും സമൂഹത്തിലുണ്ടാക്കി മുതലെടുപ്പു നടത്താനുള്ള ശ്രമം ഈ വിഷയത്തിലും സജീവമായി നടക്കുന്നുണ്ട്. അതിന് വളം വെച്ചുകൊടുക്കാതിരിക്കാൻ പൊതുസമൂഹം ശ്രദ്ധിക്കണം. ഉത്തരവാദപ്പെട്ടവർ നീതിയുക്തമായ പരിഹാരം കാണാൻ അമാന്തം കാണിച്ചുകൂടാ. ■

ദുൽക്കർഷാൻ അലനല്ലൂർ
: 9447745299



# ഹദീസ് വിരോധത്തിലെ അപകടങ്ങൾ

ഇസ്‌ലാം അല്ലാഹുവിന്റെ മതമാണ്. അവന്റെ സൃഷ്ടികളിൽ ഉത്കൃഷ്ടരായ മനുഷ്യർക്കുവേണ്ടി അവൻ നിശ്ചയിച്ചിട്ടുള്ളതും അവന്റെ തൃപ്തിയടങ്ങിയിട്ടുള്ളതുമായ മതം ഇസ്‌ലാം മാത്രമാണ്. അല്ലാഹു പറയുന്നു: "...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു ..."(ക്വുർആൻ 5:3).

ഇസ്‌ലാമിക വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മുഴുവൻ നിർദേശങ്ങളും നിലപാടുകളും ദൈവിക വെളിപാടുകളിൽ അധിഷ്ഠിതമാണ്. ഇതര ദർശന-പ്രത്യയശാസ്ത്രങ്ങളിൽനിന്ന് ഇസ്‌ലാമിനെ വിഭിന്നമാക്കുന്നത് മനുഷ്യ കൈകടത്തലുകൾക്ക് വിധേയമാകാത്ത വേദഗ്രന്ഥവും പ്രവാചകന്റെ ഉദാത്തമായ ജീവിതമാതൃകയുമാണ്; അഥവാ ക്വുർആനും സുന്നത്തുമാണ്.

ക്വുർആനും സുന്നത്തും അജയ്യമായ അടിത്തറകളായി നിലനിൽക്കുന്നിടത്തോളം കാലം ഇസ്‌ലാമിനെ തകർക്കാൻ സാധ്യമല്ല. ഈ തിരിച്ചറിവ് ലഭിച്ച ശത്രുക്കൾ പല കാലങ്ങളിലുമായി ക്വുർആനിലും സുന്നത്തിലും ജനങ്ങൾക്കിടയിൽ സംശയം ജനിപ്പിക്കാനും അതുമുഖേന മുസ്‌ലിം സമൂഹത്തിൽ ചേരിതിരിവുകൾ സൃഷ്ടിക്കുവാനുമാണ് ശ്രമിച്ചത്.

വിശുദ്ധ ക്വുർആനിന്റെ വിഷയത്തിൽ ഇത്തരം ഹീനമായ പ്രവർത്തനങ്ങൾ അടിമുടി പരാജയപ്പെടുന്നതാണ് നാളിതുവരെ നാം കണ്ടത്. എന്നാൽ ഹദീസിന്റെ വിഷയത്തിൽ ശത്രുവിന്റെ മസ്തിഷ്കം മെനഞ്ഞുണ്ടാക്കിയ വിഷലിപ്തമായ ആശയം ഒരു ന്യൂനപക്ഷത്തിന്റെ മസ്തിഷ്കത്തിൽ സന്നിവേശിപ്പി

ക്വുർആനും സുന്നത്തും അജയ്യമായ അടിത്തറക
ളായി നിലനിൽക്കുന്നിടത്തോളം കാലം ഇസ്‌ലാമിനെ
തകർക്കാൻ സാധ്യമല്ല. ഈ തിരിച്ചറിവ് ലഭിച്ച ശത്രു
ക്കൾ പല കാലങ്ങളിലുമായി ക്വുർആനിലും സുന്ന
ത്തിലും ജനങ്ങൾക്കിടയിൽ സംശയം ജനിപ്പിക്കാനും
അതുമുഖേന മുസ്‌ലിം സമൂഹത്തിൽ ചേരിതിരി
വുകൾ സൃഷ്ടിക്കുവാനുമാണ് ശ്രമിച്ചത്.
വിശുദ്ധ ക്വുർആനിന്റെ വിഷയത്തിൽ ഇത്തരം
ഹീനമായ പ്രവർത്തനങ്ങൾ അടിമുടി പരാജയപ്പെടുന്ന
താണ് നാളിതുവരെ നാം കണ്ടത്. എന്നാൽ ഹദീസിന്റെ
വിഷയത്തിൽ ശത്രുവിന്റെ മസ്തിഷ്‌കം മെനഞ്ഞു
ണ്ടാക്കിയ വിഷലിപ്തമായ ആശയം ഒരു ന്യൂനപക്ഷ
ത്തിന്റെ മസ്തിഷ്‌കത്തിൽ സന്നിവേശിപ്പിക്കപ്പെട്ടു
എന്നത് ഒരു ചരിത്ര യാഥാർഥ്യമാണ്.

ക്കപ്പെട്ടു എന്നത് ഒരു ചരിത്ര യാഥാർഥ്യമാണ്.

വിശുദ്ധ ക്വുർആനും പ്രവാചകന്റെ ഹദീസുകളും ഇസ്‌ലാമിക പ്രമാണങ്ങളാണ്. അതിൽ ഒന്ന് കൊള്ളുകയും മറ്റേത് തള്ളുകയും ചെയ്യുക എന്ന നിലപാട് ഇസ്‌ലാമികമല്ല.

"നിനക്ക് നാം ഉദ്‌ബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും" (ക്വുർആൻ 16:44).

ക്വുർആൻ വിശദീകരിച്ചുകൊടുക്കുന്നതിനു വേണ്ടി നബി (സ്വ)ക്ക് ഉദ്‌ബോധനം നൽകിയത് അല്ലാഹുവാണ്. അതാകട്ടെ വഹ്‌യുമാണ്. അതുതന്നെയാണ് ഹദീസ്. മതപരമായ ഒരു കാര്യവും നബി(സ്വ) തന്നിഷ്ടപ്രകാരം പറഞ്ഞിട്ടില്ല.

അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു" (ക്വുർആൻ 53:3,4).

അതുകൊണ്ടാണ് നബി(സ്വ) കൊണ്ടുവന്നതെല്ലാം സ്വീകരിക്കാൻ അല്ലാഹു നമ്മോട് കൽപിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: "നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക" (ക്വുർആൻ 59:7).

ക്വുർആനും ഹദീസും പ്രമാണങ്ങളാണെങ്കിലും പദവിയിൽ ക്വുർആനാണ് മുന്നിൽ. അതിന് കാരണമുണ്ട്താനും. വിശുദ്ധ ക്വുർആൻ പാരായണം ചെയ്താൽ വമ്പിച്ച പ്രതിഫലമുണ്ട്. ഒരക്ഷരം പാരായണം ചെയ്താൽ പത്ത് പ്രതിഫലം ലഭിക്കുമെന്ന് നബി (സ്വ) അരുളിയിട്ടുണ്ട്. ആരാധനകളിൽ ശ്രേഷ്ഠമായ നമസ്‌കാരത്തിൽ ക്വുർആൻ പാരായണം ചെയ്യുന്നു. ക്വുർആനിൽ സുജൂദിന്റെ ആയത്തുകളുണ്ട് അവ പാരായണം ചെയ്യുന്ന വേളയിൽ വിശ്വാസികൾ സുജൂദ് നിർവഹിക്കുന്നു. മാത്രമല്ല വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നവർക്ക് വേണ്ടി പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽ അത് ശുപാർശ പറയും. ക്വുർആൻ പാരായണം ചെയ്യുന്ന വീടുകളിൽ നിന്നും പിശാച് ഓടും എന്നെല്ലാം നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

എന്നാൽ ഇത്തരം പ്രതിഫലങ്ങളോ ശ്രേഷ്ഠതകളോ ഹദീസിന്റെ വിഷയത്തിൽ വന്നിട്ടില്ല. എന്നാൽ അതുകൊണ്ട് ഹദീസിന് യാതൊരു പ്രസക്തിയുമില്ല; അതിന് അത്രമാത്രം പരിഗണന നൽകേണ്ടതില്ല എന്നു വിചാരിക്കുന്നത് വഴികേടിലേക്ക് പോകാൻ കാരണമാകും. മതനിയമങ്ങൾ സ്വീകരിക്കുന്നേടത്തും വിശ്വാസ-ആചാരങ്ങൾ സ്വീകരിക്കുന്നേടത്തും ക്വുർആനിനെ സ്വീകരിക്കുന്നതുപൊലെ ഹദീസുകളെയും സ്വീകരിക്കൽ അനിവാര്യമാണ്. രണ്ടും അല്ലാഹുവിൽ നിന്നുള്ള ദിവ്യബോധനങ്ങളാണ്. അതുകൊണ്ടാണ് അല്ലാഹു അവതരിപ്പിച്ചുതന്നതിലെല്ലാം വിശ്വസിക്കണമെന്ന് നമ്മോട് കൽപിച്ചത്.

അല്ലാഹു പറയുന്നു: "നിങ്ങളുടെ റബ്ബിൽനിന്നും നിങ്ങൾക്ക് ഇറക്കപ്പെട്ടതിനെ നിങ്ങൾ പിൻപറ്റുക..." (ക്വുർആൻ 7:3).

അല്ലാഹുവിനെ അനുസരിക്കാൻ കൽപിക്കുന്നതിന്റെ കൂടെത്തന്നെ റസൂലിനെയും അനുസരിക്കാൻ ക്വുർആൻ നിർദേശിക്കുന്നത് കാണാം. അല്ലാഹു പറയുന്നു: "നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ അനുഗ്യഹീതരായേക്കാം"(ക്വുർആൻ 3:132).

'ഹദീസുകൾ സ്വീകരിക്കുന്നതിലും പിൻപറ്റുന്നതിലും പ്രചരിപ്പിക്കുന്നതിലും അതീവ ശ്രദ്ധപുലർത്തിയിരുന്നവരായിരുന്നു സ്വഹാബികൾ. മാത്രവുമല്ല, ഹദീസുകൾക്ക് വിരുദ്ധമായി വല്ലതും ആരെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അവരോടും എതിർപ്പും വെറുപ്പും പ്രകടിപ്പിച്ചവരായിരുന്നു അവർ. ഇംറാനുബ്നു ഹുസൈൻ(റ) ഒരിക്കൽ തന്റെ കൂട്ടുകാരോടൊപ്പം ഇരിക്കുമ്പോൾ ഒരാൾ പറഞ്ഞു: 'ക്വുർആൻ കൊണ്ടല്ലാതെ നിങ്ങൾ ഞങ്ങളോട് സംസാരിക്കരു

ത്.' അപ്പോൾ ഇംറാൻ(റ) പറഞ്ഞു: 'ഇങ്ങോട്ടടുത്തു വാ.' അയാൾ അടുത്ത് ചെന്നു. ഇംറാൻ(റ) ചോദിച്ചു: 'നിന്നെയും നിന്റെ ആളുകളെയും ക്വുർആനിലേക്ക് (മാത്രം) ഏൽപിച്ചുതന്നാൽ ദ്വുഹ്ർ നാലാണെന്നും അസ്വ്ർ നാലാണെന്നും മഗ്‌രിബ് മൂന്നാണെന്നും അതിൽ രണ്ടെണ്ണത്തിൽ (സൂറത്ത്) ഓതണമെന്നും കാണാൻ കഴിയുമോ? നിന്നെയും നിന്റെ അനുയായികളെയും ക്വുർആനിലേക്ക് (മാത്രം) ഏൽപിച്ചുതന്നാൽ ത്വവാഫ് ഏഴാണെന്ന് കാണാൻ കഴിയുമോ...?' ശേഷം ഇംറാൻ(റ) പറഞ്ഞു: 'സമൂഹമേ, ഞങ്ങളിൽനിന്നും പഠിക്കുക; അതു നിങ്ങൾ ചെയ്യാത്ത പക്ഷം നിങ്ങൾ പിഴക്കുകതന്നെ ചെയ്യും'' (ബൈഹകി-മദ്ഖലുദ്ദലാഇൽ 1/25, ഖത്വീബ്-കീഫായ, പേജ് 48).

ഹസ്സാനുബ്നു അതിയ്യ(റ) പറയുന്നു: "ജിബ്‌രീൽ(അ) ക്വുർആൻ കൊണ്ട് പ്രവാചകനെ സമീപിക്കാറുള്ളതുപോലെ ഹദീസുകൊണ്ടും ഇറങ്ങാറുണ്ടായിരുന്നു'' (ദാരിമി-സുനൻ: 1/117 സുയൂത്വി-മിഫ്ത്താഹുൽ ജന്നഃ, പേജ് 10).

അയ്യൂബുസ്സഖ്തിയാനി പറയുന്നു: "സുന്നത്തുകൊണ്ട് ഉപദേശിക്കുന്നയാളോട് വല്ലവനും, ഇത് ഒഴിവാക്കൂ; ക്വുർആൻകൊണ്ട് പറഞ്ഞു തരൂ എന്ന് പറഞ്ഞാൽ അവൻ പിഴച്ചവനും പിഴപ്പിക്കുന്നവനുമാണ്'' (ഹാകിം-മഅ്‌രിഫതു ഉലൂമിൽ ഹദീസ്, പേജ് 65, ബൈഹഖി).

**ഹദീസിന്റെ ക്വുർആനിനോടുള്ള ബന്ധം രണ്ടു നിലയ്ക്കാണ്.**

(A)) ക്വുർആനിൽ ചുരുക്കിപ്പറഞ്ഞ കാര്യങ്ങളെ ഹദീസ് വിശദീകരിക്കുന്നു. ഉദാഹരണമായി; നമസ്കരിക്കണം, നോമ്പെടുക്കണം, സകാത്ത് നൽകണം... തുടങ്ങിയ നിയമങ്ങൾ ക്വുർആനിൽ കാണാം.

> ക്വുർആനിൽ നിന്നും പ്രത്യക്ഷത്തിൽ മനസ്സിലാകാത്ത വിഷയങ്ങളിലും വിശദീകരണം ഇല്ലാതെ വരുന്ന വിഷയങ്ങളിലും സ്വഹാബത്തിന്റെ അവലംബം നബി(സ്വ)യായിരുന്നു. നമസ്കാരം എങ്ങനെ, ഹജ്ജ് എങ്ങനെ തുടങ്ങിയ കാര്യങ്ങൾ അറിയണമെങ്കിൽ നബി(സ്വ)യെ സമീപിക്കൽ അവർക്ക് അനിവാര്യം തന്നെയായിരുന്നു. എന്നു മാത്രമല്ല, നബി(സ്വ)യുടെ വിശദീകരണത്തിനു മുമ്പ് അവർ ക്വുർആനിന്റെ ആശയം മനസ്സിലാക്കിയേടത്ത് അവർക്ക് പലപ്പോഴും അബദ്ധം സംഭവിച്ചിട്ടുണ്ട്

എന്നാൽ നമസ്കാരരൂപം, റക്അത്തുകളുടെ എണ്ണം, പ്രാർഥനകൾ.... നോമ്പുകാരന്റെ മര്യാദകൾ, പാടില്ലാത്ത കാര്യങ്ങൾ, നോമ്പു മുറിയുന്ന കാര്യങ്ങൾ.... സകാത്തിന്റെ തോത്, നിസ്വാബ്, ഏത് ഇനങ്ങൾ... ഹജ്ജിന്റെ രൂപം, സമയം, പ്രാർഥനകൾ... തുടങ്ങിയവ വിശദീകരിക്കുന്നത് ഹദീസുകളാണ്. അതുപോലെ തന്നെ ക്വുർആൻ 'പൊതുവായി' പറഞ്ഞ കാര്യങ്ങളെ ഹദീസ് 'പ്രത്യേകം' ആക്കുന്നു. അതായത് ശവം ഹറാമാണെന്ന് ക്വുർആൻ പറയുമ്പോൾ മത്സ്യം അനുവദനീയമെന്ന് ഹദീസ് പറയുന്നു. ഒരാളുടെ പാപഭാരം മറ്റൊരാൾ വഹിക്കുകയില്ലെന്ന് ക്വുർആൻ പറയുമ്പോൾ ബന്ധുക്കളുടെ ചില കരച്ചിലുകൾ മയ്യിത്തിന് ശിക്ഷക്കു കാരണമായിത്തീരുമെന്ന് ഹദീസ് പറയുന്നു.

(B) ഖുർആനിൽ പരാമർശിച്ചിട്ടില്ലാത്ത ചില നിയമങ്ങൾ ഹദീസുകളിൽ കാണാം. ഒരു സ്ത്രീയെയും അവളുടെ അമ്മായിയെയും ഒരാൾ വിവാഹം കഴിക്കരുത്, നാടൻ കഴുത നിഷിദ്ധമാണ്, തേറ്റയുള്ള മൃഗങ്ങളെ തിന്നാൻ പാടില്ല... തുടങ്ങിയ നിയമങ്ങൾ ഹദീസുകളിൽ മാത്രം കാണാൻ കഴിയുന്നവയാണ്.

ഇത്രയും പ്രാധാന്യം ഹദീസുകൾക്കുള്ളതിനാലും ക്വുർആൻ വിശദീകരിച്ചു തരേണ്ടത് നബി(സ്വ)യാണ് എന്നതിനാലും സ്വഹാബികൾ ഹദീസുകൾക്ക് അതിയായ പ്രാധാന്യം നൽകി. ക്വുർആനിൽ നിന്നും പ്രത്യക്ഷത്തിൽ മനസ്സിലാകാത്ത വിഷയങ്ങളിലും വിശദീകരണം ഇല്ലാതെ വരുന്ന വിഷയങ്ങളിലും സ്വഹാബത്തിന്റെ അവലംബം നബി(സ്വ)യായിരുന്നു. നമസ്കാരം എങ്ങനെ, ഹജ്ജ് എങ്ങനെ തുടങ്ങിയ കാര്യങ്ങൾ അറിയണമെങ്കിൽ നബി(സ്വ)യെ സമീപിക്കൽ അവർക്ക് അനിവാര്യം തന്നെയായിരുന്നു. എന്നു മാത്രമല്ല, നബി(സ്വ)യുടെ വിശദീകരണത്തിനു മുമ്പ് അവർ ക്വുർആനിന്റെ ആശയം മനസ്സിലാക്കിയേടത്ത് അവർക്ക് പലപ്പോഴും അബദ്ധം സംഭവിച്ചിട്ടുണ്ട്. ഈമാനിൽ 'ദ്വുൽമ്' കലരാത്തവർക്കാണ് നിർഭയത്വമുള്ളത്, അവരാണ് നേർമാർഗം പ്രാപിച്ചവർ എന്ന ആയത്തിറങ്ങിയപ്പോൾ ഞങ്ങളിൽ ആരാണ് അക്രമം പ്രവർത്തിക്കാത്തത് എന്നായിരുന്നു ആഇശ(റ)യുടെ ചോദ്യം. എന്നാൽ ഈ ആയത്തിലെ 'ദ്വുൽമ്' കൊണ്ടുദ്ദേശിക്കുന്നത് ശിർക്കാണെന്ന് നബി(സ്വ) വിശദീകരിച്ച് കൊടുത്തപ്പോഴാണ് അവർക്ക് കാര്യം മനസ്സിലായത്. ചുരുക്കത്തിൽ, ഹദീസുകൾ (പ്രവാചകവചനങ്ങൾ) ഇല്ലാതെ ക്വുർആൻ മനസ്സിലാക്കുക സാധ്യമല്ലെന്ന് സ്വഹാബികൾ മനസ്സിലാക്കി.

നബി(സ്വ)യുടെ കൽപനകളും നിരോധനങ്ങളും സ്വഹാബി

കൾ കൃത്യമായി പിൻപറ്റുകയും ആരാധനകളിലും പെരുമാറ്റമര്യാദകളിലും നബി(സ്വ)യെ മാതൃകയാക്കുകയും ചെയ്തു. ഞാൻ എങ്ങനെ നമസ്കരിക്കുന്നതായി എന്നെ നിങ്ങൾ കണ്ടുവോ അതുപോലെ നിങ്ങൾ നമസ്കരിക്കണമെന്നും എന്നിൽനിന്നും ഹജ്ജിന്റെ കർമങ്ങൾ സ്വീകരിക്കണമെന്നുമുള്ള പ്രവാചകവചനങ്ങളെ അവർ അന്വർഥമാക്കി. നബി(സ്വ) ചെയ്തത് ചെയ്യുകയും ഒഴിവാക്കിയത് ഒഴിവാക്കുകയും ചെയ്തു. ഒന്നിന്റെ കാരണമോ യുക്തിയോ ന്യായമോ ചുഴിഞ്ഞറിയാൻ അവർ ശ്രമിച്ചില്ല.

ഇബ്നു ഉമർ(റ) പറയുന്നു: "നബി(സ്വ) ഒരിക്കൽ സ്വർണത്തിന്റെ മോതിരം ധരിച്ചു. അപ്പോൾ ജനങ്ങളും സ്വർണമോതിരം ധരിച്ചു. ശേഷം നബി(സ്വ) അത് ഊരിയെറിഞ്ഞു. ഞാനിനി ഒരിക്കലും ഇത് ധരിക്കുകയില്ലെന്നും പറഞ്ഞു. അപ്പോൾ ജനങ്ങളും അവരുടെ മോതിരങ്ങൾ ഊരിയെറിഞ്ഞു" (ബുഖാരി). പുരുഷന്മാർക്ക് സ്വർണം നിഷിദ്ധമാക്കപ്പെടുന്നതിനു മുമ്പാണിത്.

അബൂസഈദുൽ ഖുദ്‌രിയ്യ്(റ) പറയുകയാണ്: "നബി(സ്വ) ഒരിക്കൽ തന്റെ സ്വഹാബികളെയും കൊണ്ട് നമസ്കരിക്കുകയായിരുന്നു. അപ്പോൾ തന്റെ ചെരുപ്പ് ഊരി ഇടതുഭാഗത്ത് വെച്ചു. ജനങ്ങൾ ഇതു കണ്ട പ്പോൾ അവരുടെ ചെരുപ്പുകളും ഊരിവെച്ചു. നമസ്കാരം കഴിഞ്ഞപ്പോൾ നബി(സ്വ) ചോദിച്ചു: 'എന്തിനാണു നിങ്ങൾ ചെരുപ്പുകൾ ഊരിവെച്ചത്?' അവർ പറഞ്ഞു: 'താങ്കൾ ചെരുപ്പ് ഊരിവെക്കുന്നതു കണ്ടപ്പോൾ ഞങ്ങളും ഊരി.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'ജിബ്‌രീൽ എന്റെയടുക്കൽ വരികയും ചെരുപ്പിനടിയിൽ മാലിന്യമുണ്ടെന്നറിയിക്കുകയും ചെയ്തു'' (അബൂദാവൂദ്, ഇബ്നു സഅ്ദ്).

പ്രവാചകന്റെ നിർദേശങ്ങൾ സ്വീകരിക്കാനും പഠിക്കാനുമുള്ള അതിയായ താൽപര്യത്താൽ ഊഴം നിശ്ചയിച്ചുകൊണ്ട് പ്രവാചകന്റെ വിജ്ഞാന വേദികൾ അവർ ഉപയോഗപ്പെടുത്തി. ഉമർ(റ) പറയുകയാണ്: 'ഞാനും എന്റെ അയൽവാസിയായ അൻസ്വാരിയും ഊഴം നിശ്ചയിച്ചായിരുന്നു പ്രവാചകസദസ്സിൽ പങ്കെടുത്തിരുന്നത്. ഒരു ദിവസം ഞാൻ ക്ലാസ്സിലെത്തും. അടുത്തദിവസം അദ്ദേഹം ക്ലാസ്സിലെത്തും. ഞാൻ ക്ലാസ്സിൽ പങ്കെടുത്ത ദിവസം അന്നത്തെ കാര്യങ്ങൾ അദ്ദേഹത്തെ അറിയിക്കും, അദ്ദേഹം പങ്കെടു ക്കുന്ന ദിവസവും ഇതേ പ്രകാരം ചെയ്യുമായിരുന്നു. (ഒരു ദിവസം ഓരോ വ്യക്തിയും ജോലിക്കു പോകു കയും അതിന്റെ കൂലി പരസ്പരം വീതിക്കുകയും ചെയ്യും)'' (ബുഖാരി).

മദീനയുടെ പരിസരത്തുള്ള ഗോത്രക്കാർ പ്രവാചകന്റെ അടുക്കലേക്ക് ആളെ പറഞ്ഞയക്കുകയും അയാൾ പഠിച്ചെടുക്കുന്ന കാര്യങ്ങൾ തിരിച്ചുവന്ന് ആ ജനതയെ പഠിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഒരു വിഷയത്തിൽ ഉണ്ടാകുന്ന സംശയങ്ങൾ തീർക്കാനും മറ്റുമായി കുറെ ദൂരം താണ്ടി സ്വഹാബികൾ നബി(സ്വ)യെ സമീപിച്ചിരുന്നു.

ഉഖ്ബതുബ്നുൽ ഹാരിസ്(റ) വിവാഹം കഴിച്ചു. അപ്പോൾ ഒരു സ്ത്രീ വന്ന് പറഞ്ഞു: 'നിങ്ങൾക്ക് രണ്ടുപേർക്കുമിടയിൽ മുലകുടിബന്ധമുണ്ട്.' മക്കയിലുണ്ടായിരുന്ന ഉഖ്ബ ഉടനെ മദീനയിലേക്കു പുറ പ്പെട്ടു. പ്രവാചകൻ(സ്വ)യോട് അതിന്റെ മതവിധി അന്വേഷിച്ചു. നബി(സ്വ) ആ വിവാഹം വേർപെടുത്താൻ ആവശ്യപ്പെട്ടു. ഒരു മടിയും കൂടാതെ അവർ അനുസരിച്ചു. ആ പെൺകുട്ടിയുടെ വിവാഹം മറ്റൊരാളുമായി നടക്കുകയും ചെയ്തു. (ബുഖാരി).

സുന്നത്ത് പഠിക്കുന്നതിലുള്ള അതിയായ താൽപര്യവും അത് അംഗീകരിക്കുന്നതിലുള്ള തൃപ്തിയും സ്വഹാബികൾക്കിടയിൽ നബി(സ്വ)യുടെ മരണംവരെ തുടർന്നുപോന്നു. നബി(സ്വ)യുടെ മരണശേഷം അവർക്കുണ്ടാകുന്ന സംശയങ്ങൾ പരസ്പരം ചോദിച്ച് തീർക്കും. ദൂരെ ദിക്കിൽ താമസിക്കുന്ന ഏതെങ്കിലും സ്വഹാബിക്ക് തങ്ങൾ സംശയത്തിലായ വിഷയത്തെക്കുറിച്ച് അറിയുമെന്ന് കേട്ടാൽ അങ്ങോട്ട് അവർ യാത്ര ചെയ്യും. നബി(സ്വ)യിൽ നിന്നും ഹദീസ് കേട്ടു പഠിച്ച സ്വഹാബികൾ പല പ്രദേശങ്ങളിലായി അവിടുത്തെ മരണശേഷം വ്യാപിച്ചുകഴിഞ്ഞിരുന്നു. അബ്ദുല്ലാഹിബ്നു ഉനൈസി(റ)നു മാത്രം അറിയാമാ യിരുന്ന ഒരു ഹദീസ് കേൾക്കാൻവേണ്ടി ജാബിറുബ്നു അബ്ദില്ലാഹ്(റ) ശാമിലേക്ക് പോയി. ഒരു മാസമാ ണ് അദ്ദേഹത്തിന് അതിനു വേണ്ടിവന്നത്. ഉഖ്ബതുബ്നു ആമിറിനെത്തേടി ഒരു ഹദീസ് അറിയുന്നതിനായി അബൂ അയ്യൂബുൽ അൻസാരി(റ) മിസ്റിലേക്കു പോയി. താബിഉകളുടെ നേതാവായ സഈദുബ്നുൽ മുസ്വയ്യബ്(റഹി) പറയുകയാണ്: "ഒരു ഹദീസ് അന്വേഷിച്ചുകൊണ്ട് രാപകലുകൾ ഞാൻ യാത്ര ചെയ്യാറുണ്ടായിരുന്നു'' (ഇബ്നു സഅ്ദ്-ത്വബഖാതുൽ കുബ്റാ 5/120) ബസ്വറയിൽനിന്ന് ഒരു രിവായത്ത് കേട്ടാൽ ഉറപ്പുവരുത്താൻ ഞങ്ങൾ മദീനയിലേക്ക് പോവുകയും അവരുടെ വായിൽനിന്ന് നേരിട്ട് കേൾക്കുകയും ചെയ്തിരുന്നു എന്ന് അബൂൽ ആലിയ പറയുന്നു (ദാരിമി-സുനൻ:1/144). ഹദീസെന്ന് കേൾക്കുമ്പോൾ അലർജിയും ഹദീസ് ഉദ്ധരിക്കുന്നവരോട് വെറുപ്പും നീരസവും ഹദീസു കളുടെ നേർക്ക് പരിഹാസവും തോന്നുന്നവർ മുൻഗാമികളുടെ പാത മറക്കാതിരിക്കട്ടെ.

*(അവസാനിച്ചില്ല)*

സി. മുഹമ്മദ് അജ്മൽ
: 81243 01015

കേരളത്തിന്റെ പൊതു വിദ്യാഭ്യാസം നിലവാരത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണെന്നും മൂല്യനിർണയത്തിൽ അപാകതകളുണ്ടെന്നുമുള്ള ഉത്തരവാദപ്പെട്ടവരുടെ വെളിപ്പെടുത്തൽ ഞെട്ടലോടെയാണ് സമൂഹം ശ്രവിച്ചത്. പ്രശ്നങ്ങൾ തിരിച്ചറിയുമ്പോൾ തന്നെ പരിഹാരം നിർദേശിക്കുന്നിടത്ത് ഇനിയും തിരിച്ചറിവുകൾ ആവശ്യമാണെന്ന് പറയാതെ വയ്യ.



# കേരള മോഡൽ വിദ്യാഭ്യാസം: വേണം ഒരു പുനരാലോചന

“ഇപ്പോഴത്തെ എസ്എസ്എൽസിയുടെ സ്ഥിതി നിങ്ങൾക്ക് അറിയാമല്ലോ! 20 മാർക്ക് ഒരധ്യാപകന് കൊടുക്കാം. അതിനു ചില നിബന്ധനകളുണ്ട്. പക്ഷേ, ഇന്നിപ്പോൾ എന്താണ് സ്ഥിതി? കണ്ണടച്ചുകൊണ്ട് എല്ലാവർക്കും ഇരുപത് മാർക്ക്. അതിനൊരവസരമുണ്ടാവേണ്ടതായിട്ടുണ്ട്. പഠിക്കുന്ന കുട്ടികളെ അംഗീകരിക്കേണ്ടതായിട്ടുണ്ട്. എസ്എസ്എൽസി പരീക്ഷയിൽ കഴിഞ്ഞ തവണ 99% വിജയം നേടിയപ്പോൾ ആ പരീക്ഷ നടത്തിപ്പിന് ചെലവായത് ഒരു കോടി രൂപയാണ്. അപ്പോൾ ഞാനിവിടെ സൂചിപ്പിച്ചത്, എന്തിനാ ഒരു കോടി ചെലവഴിക്കുന്നത്? എസ്എസ്എൽസി



എഴുതിയ എല്ലാവരും ജയിച്ചെന്ന് പ്രഖ്യാപിച്ചാൽ പോരേ?” ഈ വാക്കുകൾ ഏതെങ്കിലും പ്രതിപക്ഷ എംഎൽഎയുടെതല്ല. കേരള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അധിപനായ മന്ത്രി വി.ശിവൻ കുട്ടി തന്റെ വകുപ്പ് നടത്തുന്ന ഏറ്റവും സുപ്രധാന പരീക്ഷയായ എസ്എസ്എൽസി പരീക്ഷയുടെ നിലവാരത്തെ കുറിച്ചും മൂല്യനിർണയത്തെ കുറിച്ചും തിരുവനന്തപുരത്ത് നടന്ന ഒരു വിദ്യാർഥി സമ്മേളനത്തിൽ നടത്തിയ ശക്തമായ സ്വയം വിമർശനമാണ്!

‘ആൾ പ്രൊമോഷൻ നയം നിർത്തലാക്കാൻ പോവുകയാണ്’ എന്നും ‘അത് നമ്മുടെ വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്’ എന്നും മന്ത്രി വിലയിരുത്തി. ഇതോടൊപ്പം ബാലസംഘം സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ ഒരു താക്കീതും കൂട്ടിവായിക്കേണ്ടതാണ്. അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: “അപ്പോൾ സബ്ജക്ട് മിനിമം ഒന്നും ആവശ്യമില്ല; നമ്മൾ പാസായി പോയാൽ മതി! അതിനു കുറെ വക്താക്കളും! എവിടേക്കാണ് എത്തിക്കുന്നത്? നാം നമ്മുടെ നാടിനെ പുറകോട്ടടിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഒരു സമൂഹത്തിൽ ഒരുകൂട്ടം ആളുകളെ ഇത്തരം കാര്യങ്ങൾക്ക് പറ്റാത്തവരാക്കി മാറ്റിത്തീർക്കുകയാണ് ഒരു വിഭാഗം ചെയ്യുന്നത്. എല്ലാ രംഗത്തും മത്സരാധിഷ്ഠിത കാര്യങ്ങളല്ലേ നടക്കുന്നത്?”

പൊതുവിദ്യാഭ്യാസ മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും സംസാരങ്ങൾ കൂട്ടിവായിക്കുമ്പോൾ ഉയരുന്ന ചില സ്വാഭാവികമായ ചോദ്യങ്ങളുണ്ട്. വിദ്യാഭ്യാസ രംഗത്ത് നിലവാരത്തകർച്ചയുണ്ട് എന്നും അവിടെ മാറ്റങ്ങൾ വേണമെന്നും ഭരണപക്ഷംതന്നെ വിലയിരുത്തി പുതിയ നിലപാടുകളിലേക്കെത്തുമ്പോൾ -മുഖ്യമന്ത്രി പറഞ്ഞതുപോലെ-അതിനെ എതിർക്കുകയും നമ്മുടെ നാടിനെ പുറകോട്ടടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാരാണ്? നമ്മുടെ പൊതുവിദ്യാഭ്യാസ രംഗത്തെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ എന്താണ്? പരിശോധിക്കാം:

### വിദ്യാഭ്യാസം: കേരളം മോഡൽ

മാനവ വിഭവശേഷി സൂചികകളിൽ ഇന്ത്യയിൽ ഏറ്റവും മുന്നിലുള്ള സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസരംഗത്തും അസൂയാവഹമായ നേട്ടങ്ങൾ നമുക്കുണ്ട്. എല്ലാ കുട്ടികളെയും സ്കൂളുകളിൽ എത്തിക്കാൻ നമുക്ക് സാധിക്കുന്നു. പല സർക്കാർ സ്കൂളുകളും സിബിഎസ്ഇ സ്കൂളുകളോട് കിടപിടിക്കുന്നതാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളിൽ നാം കൈവരിച്ച മുന്നോക്കാവസ്ഥ വിദ്യാഭ്യാസ നിലവാരത്തിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ടോ എന്നൊരു വീണ്ടുവിചാരം അത്യാവശ്യമാണ്. 2007ലാണ് ഞാൻ പത്താം ക്ലാസ് പാസ്സാകു



ന്നത്. അന്ന് പരീക്ഷയെഴുതിയ നാലര ലക്ഷം കുട്ടികൾ 4269 പേർക്കാണ് മുഴുവൻ വിഷയങ്ങളിലും എ+ ലഭിച്ചത്. 2013ൽ മുഴുവൻ വിഷയങ്ങളിലും എ+ ലഭിച്ച കുട്ടികളുടെ എണ്ണം 40000 കവിഞ്ഞു. 2020ൽ പരീക്ഷയെഴുതുന്ന കുട്ടികൾ 4.2 ലക്ഷമായി കുറഞ്ഞപ്പോൾ എ+കാരുടെ എണ്ണം 40000 ആയി! ഈ വർഷം പരീക്ഷയെഴുതിയ 4.27 ലക്ഷം കുട്ടികളിൽ 71831 പേർക്കാണ് മുഴുവൻ എ+ ലഭിച്ചത്. എന്താണ് ഈ ഡാറ്റ സൂചിപ്പിക്കുന്നത്? ഇതിൽനിന്ന് പ്രത്യക്ഷത്തിൽ ഒരാൾക്ക് എത്താവുന്ന അനുമാനം കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരം 2013ൽ നിന്ന് 2024ൽ എത്തുമ്പോഴേക്ക്-അതായത് ഒരു പതിറ്റാണ്ടുകൊണ്ട്-7 ഇരട്ടിയായി വർധിച്ചു എന്നാണ്! എന്നാൽ ഇതല്ല വസ്തുത എന്നത് എല്ലാവർക്കും അറിയാവുന്നതാണ്.

വർഷങ്ങളായി എ+കാരുടെ എണ്ണം വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. എന്നാൽ ഇതിൽ എത്രയാളുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് രാജ്യത്തെ ഉന്നത കലാലയങ്ങളിൽ എത്തിപ്പെടുന്നുണ്ട്? ഐഐടികളിലേക്കുള്ള പ്രവേശന പരീക്ഷയായ ജെഇഇയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മലയാളികളുടെ എണ്ണം കുറവാണ്. 17000 ആളുകൾ വരുന്ന റാങ്ക് ലിസ്റ്റിൽ ഓരോ വർഷവും 250ൽ താഴെ മലയാളികൾ മാത്രമാണ് ഉണ്ടാവാറ്. CUET പരീക്ഷ വന്നതിനു ശേഷം ഡൽഹി യൂണിവേഴ്സിറ്റിയിലും മറ്റു കേന്ദ്ര സർവകലാശാലകളിലും അഡ്മിഷൻ നേടിയ മലയാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. CUET നിലവിൽ വരുന്നതിനു തൊട്ടു മുമ്പുള്ള വർഷം 2500ൽപരം വിദ്യാർഥികൾ ഡൽഹി യൂണിവേഴ്സിറ്റിയിൽ പ്ലസ് റ്റു മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയെങ്കിൽ CUET വന്നതോടെ അത് 400ൽ താഴെയായി കുറഞ്ഞു. ഇതെല്ലാം നമ്മെ ആശങ്കാകുലരാക്കേണ്ടതുണ്ട്. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മൾ എത്തുന്നില്ല എന്നു മാത്രമല്ല, കേരളത്തിലെ മത്സര പരീക്ഷകളിലും കേരള സിലബസ് പഠിച്ച വിദ്യാർഥികൾക്ക് വലിയ തിരിച്ചടിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

കേരള എഞ്ചിനീയറിംഗ് എൻട്രൻസിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് പ്ലസ് റ്റു മാർക്കും എൻട്രൻസ് മാർക്കും 50% വീതം പരിഗണിച്ചാണ്. ഇത്തവണ രണ്ട് പരീക്ഷകൾക്കും മുഴുവൻ മാർക്ക് വാങ്ങിയ, കേരള സിലബസിൽ പഠിച്ച വിദ്യാർഥിക്ക് ലഭിച്ച റാങ്ക് 25 ആണ്! ഒന്നാം റാങ്ക് ലഭിക്കേണ്ട വിദ്യാർഥിക്ക് എങ്ങനെ 25ാം റാങ്ക് ലഭിച്ചു? കേരള സിലബസിൽ മുഴുവൻ എ+ വാങ്ങിയ കുട്ടികളുടെ എണ്ണം ക്രമാതീതമായി കൂടിയതുകൊണ്ട് സിബിഎസ്ഇ കുട്ടികളുടെ റിസൾട്ടുമായി നടത്തിയ നോർമലൈസേഷൻ പ്രക്രിയയിലൂടെ കേരള സിലബസിൽ ഓരോ കുട്ടിക്കും 25ലധികം മാർക്കാണ് നഷ്ടപ്പെട്ടത്! സി ബിഎസ്ഇ വിദ്യാർഥികൾക്ക് 8 മാർക്ക് കൂടുതലും ലഭിച്ചു. ലിബറൽ മൂല്യനിർണയവും വളരെ എളുപ്പമായ പരീക്ഷകളും കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് വിനയാകുന്നു കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

### ആരാണ് നയം മാറ്റങ്ങളെ എതിർക്കുന്നത്?

വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട നയം മാറ്റങ്ങളെ എതിർക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞത് ആരെക്കുറിച്ചാണ് എന്ന ചോദ്യത്തിനുത്തരം വളരെ രസകരമാണ്. എ+കാരുടെ എണ്ണം കൂടുതലാണ് എന്നും എട്ടാം ക്ലാസ്സുവരെ തുടർന്ന് വരുന്ന ആൾ പ്രമോഷൻ സിസ്റ്റം മാറ്റി ഓരോ വിഷയത്തിനും മിനിമം മാർക്ക് വാങ്ങണം എന്ന നയം സ്വീകരിക്കും എന്നുമുള്ള പൊതു വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്താവനക്കെതിരെ രംഗത്തെത്തിയത് ഇടതുപക്ഷ സംഘടനയായ കേരള

> വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട നയം മാറ്റങ്ങളെ എതിർക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞത് ആരെക്കുറിച്ചാണ് എന്ന ചോദ്യത്തിനുത്തരം വളരെ രസകരമാണ്. എ+കാരുടെ എണ്ണം കൂടുതലാണ് എന്നും എട്ടാം ക്ലാസ്സുവരെ തുടർന്ന് വരുന്ന ആൾ പ്രമോഷൻ സിസ്റ്റം മാറ്റി ഓരോ വിഷയത്തിനും മിനിമം മാർക്ക് വാങ്ങണം എന്ന നയം സ്വീകരിക്കും എന്നുമുള്ള പൊതു വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്താവനക്കെതിരെ രംഗത്തെത്തിയത് ഇടതുപക്ഷ സംഘടനയായ കേരള ശാസ്ത്ര സാഹിത്യ പരിഷത്താണ്. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് വലിയ സ്വാധീനം വർഷങ്ങളായി പരിഷത്ത് പുലർത്തിയിട്ടുണ്ട്. മുൻ വിദ്യാഭ്യാസ മന്ത്രി സി.രവീന്ദ്രനാഥ് പരിഷത്തുകാരനായിരുന്നു. പരിഷത്തിന്റെ നിലപാടുകളിൽ നിന്ന് സർക്കാർ തിരിഞ്ഞുനടക്കുന്നു എന്ന സൂചനയാണ് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.



ശാസ്ത്ര സാഹിത്യ പരിഷത്താണ്. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് വലിയ സ്വാധീനം വർഷങ്ങളായി പരിഷത്ത് പുലർത്തിയിട്ടുണ്ട്. മുൻ വിദ്യാഭ്യാസ മന്ത്രി സി.രവീന്ദ്രനാഥ് പരിഷത്തുകാരനായിരുന്നു. പരിഷത്തിന്റെ നിലപാടുകളിൽനിന്ന് സർക്കാർ തിരിഞ്ഞു നടക്കുന്നു എന്ന സൂചനയാണ് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഇടതുപക്ഷ സർക്കാരിന്റെ മാറുന്ന വിദ്യാഭ്യാസ നയത്തിനെതിരെ ഇടതുപക്ഷ സംഘടനയായ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് 'തോൽപിച്ചാൽ നിലവാരം കൂടുമോ' എന്ന പേരിൽ കാസറഗോഡ് മുതൽ തിരുവനന്തപുരംവരെ വിദ്യാഭ്യാസ ജാഥ പ്രഖ്യാപിച്ചിരിക്കുകയാണ്. പരിഷത്തിന്റെ വാദത്തിൽ കുട്ടികളെ തോൽപിക്കുക എന്നത് അരിച്ചുമാറ്റലാണ്. തോൽപിച്ചതുകൊണ്ട് ഗുണനിലവാരം വർധിക്കുമോ എന്നതാണ് പരിഷത്തിന്റെ പ്രധാന ചോദ്യം. ഈ വിഷയത്തിൽ പരിഷത്ത് പുറത്തിറക്കിയ ലഘുലേഖയിൽ നിരവധി വാദമുഖങ്ങൾ ഉയർത്തുന്നുണ്ട്. തോൽക്കുക/ജയിക്കുക എന്ന ദ്വന്ദത്തിൽ ചർച്ചയെ ചുരുക്കിക്കെട്ടുന്നതുകൊണ്ട് ഇവിടെ പ്രത്യേകിച്ച് ഗുണമില്ല. കേവലം ഒരു ആൾ പ്രമോഷൻ സിസ്റ്റം മാത്രമല്ല ഇവിടെ ചർച്ചയാവേണ്ടത്. കുട്ടികളെ തോൽപിച്ചതുകൊണ്ട് മാത്രം ഇതിനു പരിഹാരമാവില്ല; അത് മാത്രമാണ് പോംവഴി എന്ന വാദവും ആർക്കുമില്ല. എന്നാൽ കുട്ടികൾക്കാർക്കും അവരുടെ കഴിവുകൾ കണ്ടെത്താൻ സാധിക്കുന്നില്ല. ഏത് വിഷയങ്ങളിലാണ് അവർ മുന്നിൽ നിൽക്കുന്നത്, അല്ലെങ്കിൽ പിന്നിലായി പോകുന്നത് എന്ന് നിർണയിക്കാൻ കഴിയുന്നില്ല. പിന്നിലാകുന്ന വിഷയങ്ങളിൽ മെച്ചപ്പെടണം എന്ന ഫീഡ്ബാക്ക് നമ്മുടെ വ്യവസ്ഥ അവർക്ക് നൽകുന്നില്ല.

പരീക്ഷകളിൽ എന്ത് ചോദിക്കുന്നു എന്നത് ആർക്കും പ്രവചിക്കാവുന്നതാണ്. അതിനാൽതന്നെ കുട്ടികൾ പരീക്ഷയെ ഗൗരവമായി എടുക്കുന്നില്ല. തലേദിവസം യൂട്യൂബിൽ ക്ലാസ്സുകൾ കണ്ട് നല്ല ഗ്രേഡ് നേടിയെടുക്കാവാതേയുള്ളൂ. എട്ടാം ക്ലാസ്സുവരെ എല്ലാവരെയും പാസാക്കുന്നതുകൊണ്ട് അവിടെയും കുട്ടികളും അധ്യാപകരും അക്കാദമിക്സിനെ ഗൗരവമായി സമീപിക്കുന്നില്ല. പരിഷത്തിന്റെ രസകരമായ വാദങ്ങളിലൊന്ന് 30% സബ്ജക്ട് മിനിമം വയ്ക്കുന്നത് കേവലം മിനിമം നിലവാരത്തിൽ മാത്രം കുട്ടികളെ എത്തിക്കാൻ അധ്യാപകർക്കുള്ള ഒഴിവുകഴിവാകും എന്നതാണ്. വളരെ വിചിത്രവും യുക്തിക്ക് നിരക്കാത്തതുമായ വാദമാണിത്. ഇപ്പോഴത്തെ രീതിയിലുള്ള ആൾ പ്രൊമോഷൻ സിസ്റ്റത്തിൽ അധ്യാപകന് യാതൊരുവിധ അക്കൗണ്ടബിലിറ്റിയും ഇല്ല. അതിനാൽ 30% പോയിട്ട് അതിലും താഴെയാണ് കുട്ടികൾ ഉള്ളത്.

പ്രഥം എന്ന എൻജിഒ 2022ൽ പുറത്തിറക്കിയ ASER എന്ന വാർഷിക റിപ്പോർട്ട് പ്രകാരം കേരളത്തിൽ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥികളിൽ രണ്ട് നമ്പറുകൾ കൊടുത്താൽ ഹരിക്കാൻ അറിയാവുന്നത് കേവലം 44% പേർക്കാണ്; സർക്കാർ സ്കൂളുകളിൽ 39%വും സ്വകാര്യ സ്കൂളുകളിൽ 54%വും. 2012ൽ ഇത് 75% ആയിരുന്നു. ഹൈസ്കൂളിൽ എത്തുന്ന പകുതിയിലധികം വിദ്യാർഥികൾക്കും ഹരിക്കാൻ അറിയില്ലെങ്കിൽ നമ്മുടെ കുട്ടികൾ എങ്ങനെയാണ് ഭാവിയിൽ ഉന്നത കലാലയങ്ങളിലും ഉദ്യോഗങ്ങളിലും എത്തിച്ചേരുക എന്ന് ചിന്തിക്കുക. നിരന്തര മൂല്യ

സാമൂഹിക നീതിയിൽ കാലൂന്നിത്തന്നെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട് എന്നതാണ് ഇന്നിന്റെ ആവശ്യം. വിദ്യാഭ്യാസ രംഗത്ത് സോഷ്യലിസം നടപ്പാക്കുന്നത് മേലോട്ട് പൊങ്ങുന്നവനെ പിടിച്ച് താഴോട്ട് വലിച്ച് ശരാശരിയിലേക്ക് കൊണ്ടുവന്നല്ല; പല കാരണങ്ങളാൽ താഴെയായിപ്പോയവരെ മുന്നോട്ട് കൊണ്ടുവരാനുള്ള പ്രത്യേക പരിശ്രമങ്ങളിലൂടെയാണ്. അതിന് ഇവിടെ പ്രശ്നമുണ്ട് എന്ന് സമ്മതിക്കാൻ തയ്യാറാവണം. ആ അംഗീകാരം പരിഷത്തിൽ കാണുന്നില്ലെങ്കിലും മുഖ്യമന്ത്രിയുടെയും പൊതുവിദ്യാഭ്യാസ മന്ത്രിയുടെയും പ്രസ്താവനകളിലുണ്ട് എന്നത് ആശാവഹമാണ്.

നിർണയം എല്ലാവർക്കും 20 മാർക്ക് നൽകാനുള്ള കേവലം ഉപാധിയായി മാറിയിരിക്കുന്നു. അത് നേടിക്കഴിഞ്ഞാൽ എഴുത്തുപരീക്ഷയിൽ ജയിക്കാൻ 80ൽ വെറും 10 മാർക്കാണ് വേണ്ടത്. എങ്ങനെ നോക്കിയാലും തോൽക്കാനാണ് പ്രയാസം! എന്നിരിക്കെ ഈ ചർച്ച തോൽവിയിൽ ചുരുക്കിക്കെട്ടുന്നത് മുഖ്യമന്ത്രി പറഞ്ഞതുപോലെ നാടിനെ പിന്നോട്ട് നയിക്കലാണ്.

കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തകർച്ച വ്യാജനിർമിതിയാണ് എന്നൊരു വാദവും പരിഷത്ത് മുന്നോട്ട് വയ്ക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പിന്നാക്കാവസ്ഥ കണക്കുകൾവച്ച് ഈ കുറിപ്പിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 2.75% പ്രാതിനിധ്യമാണ് നമ്മുടെ ജനസംഖ്യവച്ച് നമുക്ക് പ്രതീക്ഷിക്കാവുന്നത്. ജെഇഇ പരീക്ഷയിൽ ഇത് കേവലം 1.1% മാത്രമാണ്. മറ്റു മത്സര പരീക്ഷകളിലും അങ്ങനെ തന്നെ. നാം അൽപമെങ്കിലും മുന്നിലുള്ളത് NEET പരീക്ഷയിലാണ്- അതിനു കാരണം എത്ര തവണ വേണമെങ്കിലും റിപ്പീറ്റ് ചെയ്യാം എന്നുള്ളതാണ്. പ്ലസ് ടുവിന്റെ കൂടെത്തന്നെ ക്വാളിഫൈ ചെയ്ത് പോകാവുന്ന പരീക്ഷക്ക് വേണ്ടി മൂന്നോ നാലോ വർഷം ചെലവഴിക്കുന്നത് കുട്ടികളിൽ ഉണ്ടാക്കുന്ന മാനസിക സംഘർഷം നമ്മൾ കാണാതെപോയിക്കൂടാ.

ASER പ്രകാരമുള്ള കണക്കുകൾ നമ്മൾ പറഞ്ഞു. നാഷണൽ അച്ചീവ്മെന്റ് സർവേയിലും നമ്മൾ ഇതര സംസ്ഥാനങ്ങളെക്കാൾ പിന്നിലാണ്. ഈ കണക്കുളോടെല്ലാം അന്ധതനടിച്ച് നമുക്ക് എങ്ങനെയാണ് മുന്നോട്ടു പോകാൻ സാധിക്കുക? നിലവാരത്തകർച്ച എന്ന വാദം കോച്ചിംഗ് ക്ലാസ്സുകൾക്ക് വേണ്ടിയുള്ള ഉപാധിയാണ് എന്നതാണ് പരിഷത്തിന്റെ മറ്റൊരു ന്യായം. കോച്ചിംഗ് എന്നത് എന്തോ ഒരു മോശം കാര്യമാണ് എന്നൊരു ആഖ്യാനം സൃഷ്ടിച്ചതുകൊണ്ട് പ്രശ്നം തീരുമോ? എവിടെയെല്ലാം പൊതു വിദ്യാഭ്യാസം പൂർണമായും മതിയാവാതെ വരുമോ അവിടെയെല്ലാം പരിശീലനം അഥവാ കോച്ചിംഗ് കടന്നുവരും. നല്ലൊരു ഫുട്ബോളറെയുണ്ടാക്കാൻ നമ്മുടെ പൊതുവിദ്യാഭ്യാസ വ്യവസ്ഥക്ക് മാത്രം കഴിയുമോ? അവർക്ക് പ്രത്യേക പരിശീലനം വേണ്ടേ? യുഎസ്എസ്, എൻഎംഎസ്എസ് തുടങ്ങിയ പരീക്ഷകൾക്ക് സ്കൂളുകളിൽ തന്നെ പ്രത്യേകം കോച്ചിംഗ് നൽകുന്നില്ലേ? 'വിജയഭേരി' പോലെയുള്ള, വിജയ ശതമാനം കൂട്ടുന്നതിൽ ഗണ്യമായ പങ്കുവഹിച്ച പ്രോഗ്രാമുകൾ പ്രത്യേക പരിശീലന പരിപാടികളല്ലേ? അപ്പോൾ, കോച്ചിംഗിനോട് വിമുഖത കാണിച്ചതുകൊണ്ട് കാര്യമില്ല. എന്നാൽ പരിശീലനം എല്ലാവർക്കും പ്രാപ്യമാണോ എന്നത് ന്യായമായ ചോദ്യമാണ്. അതിനുള്ള മാർഗങ്ങൾ സൃഷ്ടിക്കേണ്ടത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബാധ്യതയുമാണ്.

കഴിഞ്ഞ മാസമാണ് KITES വകുപ്പിന്റെ കീഴിൽ 'കീ ടു എൻട്രൻസ്' എന്ന പേരിൽ സൗജന്യമായ എൻട്രൻസ് പരിശീലന ക്ലാസ്സുകൾ തുടങ്ങിയത്. കോച്ചിംഗിനെ പൂർണമായും തള്ളുന്നതുവഴി കുട്ടികൾക്ക് അവരുടെ സവിശേഷമായ കഴിവുകളെ മുന്നോട്ട് കൊണ്ടുവരാനുള്ള അവസരം കൂടിയാണ് നഷ്ടമാകുന്നത് എന്നതാണ് യാഥാർഥ്യം. ചുരുക്കത്തിൽ, വളരെ ദുർബലമായ വാദങ്ങളാണ് പരിഷത്ത് മുന്നോട്ട് വയ്ക്കുന്നത്. എതിർശബ്ദങ്ങൾ ഉയർത്തിയാൽ അവർ സിബിഎസ്ഇ ലോബിയായി വിശേഷിപ്പിക്കപ്പെടും, എലൈറ്റിസ്റ്റ് ചാപ്പകൾ അവർക്ക് ലഭിക്കും.

സാമൂഹിക നീതിയിൽ കാലൂന്നിത്തന്നെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട് എന്നതാണ് ഇന്നിന്റെ ആവശ്യം. വിദ്യാഭ്യാസ രംഗത്ത് സോഷ്യലിസം നടപ്പാക്കുന്നത് മേലോട്ട് പൊങ്ങുന്നവനെ പിടിച്ച് താഴോട്ട് വലിച്ച് ശരാശരിയിലേക്ക് കൊണ്ടുവന്നല്ല; പല കാരണങ്ങളാൽ താഴെയായിപ്പോയവരെ മുന്നോട്ട് കൊണ്ടുവരാനുള്ള പ്രത്യേക പരിശ്രമങ്ങളിലൂടെയാണ്. അതിന് ഇവിടെ പ്രശ്നമുണ്ട് എന്ന് സമ്മതിക്കാൻ തയ്യാറാവണം. ആ അംഗീകാരം പരിഷത്തിൽ കാണുന്നില്ലെങ്കിലും മുഖ്യമന്ത്രിയുടെയും പൊതുവിദ്യാഭ്യാസ മന്ത്രിയുടെയും പ്രസ്താവനകളിലുണ്ട് എന്നത് ആശാവഹമാണ്. നമ്മുടെ കുട്ടികളുടെ ഭാവി സംരക്ഷിക്കാനായി പുതിയ തീരുമാനങ്ങളെടുക്കാനുള്ള ശാസ്ത്രീയ ഇച്ഛാശക്തി ഭരണാധികാരികൾക്കുണ്ടാകും എന്ന് പ്രത്യാശിക്കാം! ■

ഉസ്മാൻ പാലക്കാഴി
: 9656 292 244



# മതജീവിതം മൗലികാവകാശം

ഇസ്‌ലാം ഏതെങ്കിലും വ്യക്തിയുടെ മനസ്സിലുരുത്തിരിഞ്ഞ ആശയങ്ങളും ആദർശങ്ങളുമല്ല, അത് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ മതമാണ്. അതിനെ തന്റെ ജീവിത സരണിയായി തെരഞ്ഞെടുത്തവരുടെ പ്രഥമമായ ബാധ്യത സ്വന്തം ജീവിതത്തിൽ അതിന്റെ ആശയാദർശങ്ങളും ആചാരാനുഷ്ഠാനങ്ങളും പ്രാവർത്തികമാക്കുക എന്നതാണ്. സ്വയം ഉൾക്കൊണ്ട ആ ആദർശം മറ്റുള്ളവരിലേക്ക് എത്തിക്കുക എന്നതും വിശ്വാസിയുടെ ബാധ്യതയാണ്. എന്നാൽ ആരെയും അത് നിർബന്ധമായി അടിച്ചേൽപിക്കുവാനോ പ്രലോഭനങ്ങൾ നൽകി സ്വീകരിപ്പിക്കുവാനോ ഇസ്‌ലാം അനുവാദം നൽകുന്നില്ല.

സത്യസന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കാൻ ശ്രമിക്കാതെ പുറം തിരിഞ്ഞു നിൽക്കുന്നത് ബാധ്യതാ നിർവഹണത്തിൽ വീഴ്ച വരുത്തലാണ് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഓരോരുത്തരുടെയും അറിവും കഴിവുമനുസരിച്ച് ആ ബാധ്യത വ്യത്യാസപ്പെട്ടുവരുമെങ്കിലും കൂട്ടുത്തരവാദിത്വത്തിൽനിന്ന് വിശ്വാസികളാരും ഒഴിവാകുന്നില്ല. അല്ലാഹു പറയുന്നു: “നന്മയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽനിന്നുണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ” (ക്വുർആൻ 3:104).

സത്യം അന്യോന്യം ഉപദേശിക്കാത്തവർക്ക് വരാനിരിക്കുന്ന വിനാശത്തെക്കുറിച്ച് ക്വുർആൻ താക്കീത് ചെയ്യുന്നുണ്ട്: “കാലം തന്നെയാണ് സത്യം! തീർച്ചയായും മനുഷ്യർ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ. (അവർ ആ നാശത്തിൽനിന്ന് ഒഴിവായിരിക്കും)”

(ക്വുർആൻ 103:1-3).

തിന്മക്കെതിരെ ശബ്ദിക്കാതിരിക്കൽ അപരാധമാണെന്നും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവരെ അല്ലാഹു സംരക്ഷിക്കുമെന്നും പൂർവ സമുദായങ്ങളുടെ ചരിത്രത്തിലൂടെ ക്വുർആൻ ഉണർത്തുന്നുത് കാണാം.

ദൈവദൂതന്മാരുടെ ശാപത്തിന് വിധേയരായ ജൂതന്മാരുടെ രീതിയായിരുന്നു തിന്മക്ക് നേരെയുള്ള മൗനമെന്ന് ക്വുർആൻ ഉണർത്തുന്നു: "ഇസ്രാഈൽ സന്തതികളിലെ സത്യനിഷേധികൾ ദാവൂദിന്റെയും മർയമിന്റെ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അവർ അനുസരണക്കേട് കാണിക്കുകയും അതിക്രമം കൈക്കൊള്ളുകയും ചെയ്തതിന്റെ ഫലമത്രെ അത്. അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ അന്യോന്യം തടയുമായിരുന്നില്ല. അവർ ചെയ്തുകൊണ്ടിരുന്നത് വളരെ ചീത്തതന്നെ" (5:78,79).

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും 'തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു' എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?" (41:33).

ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് മുസ്‌ലിംകൾ പ്രബോധന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മൾ ജീവിക്കുന്നത് ഇന്ത്യയിലാണ്. ഇന്ത്യക്കാകട്ടെ വിപുലമായ ഒരു ഭരണഘടനയുണ്ട്. ആ ഭരണഘടന നൽകുന്ന അനുമതി പ്രകാരമാണ് വിവിധങ്ങളായ പ്രബോധന പ്രവർത്തനങ്ങളും ആശയാദർശ പ്രചാരണങ്ങളും വിവിധ മതക്കാരും മതമില്ലാത്തവരും രാഷ്ട്രീയ പാർട്ടികളുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ആരംഭിക്കുന്നത് 'നമ്മൾ, ഭാരതത്തിലെ ജനങ്ങൾ' എന്ന് പറഞ്ഞുകൊണ്ടാണ്. ഒറ്റ വാചകത്തിലുള്ള ഒന്നാണ് ഈ ആമുഖം എങ്കിലും ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ചും രാഷ്ട്ര സംവിധാനത്തെക്കുറിച്ചുമുള്ള ഏറ്റവും പ്രൗഢമായ പ്രസ്താവനയായി ഈ ആമുഖം പരിഗണിക്കപ്പെടുന്നു. ആമുഖം ഇപ്രകാരമാണ്:

"നമ്മൾ, ഭാരതത്തിലെ ജനങ്ങൾ, ഭാരതത്തെ ഒരു പരമാധികാര-സ്ഥിതിസമത്വ-മതനിരപേക്ഷ- ജനാധിപത്യ-റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം, എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന ഭ്രാതൃഭാവം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ ഐക്യകണ്ഠേന അംഗീകരിക്കുകയും അധിനിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു."

ജനാധിപത്യരാജ്യത്തിൽ പൗരന് അന്തസ്സും വ്യക്തിത്വവും സ്വാതന്ത്ര്യവും നിലനിർത്തുന്നതിന് ഒഴിവാക്കാൻ പാടില്ലാത്ത ചില പ്രാഥമിക അവകാശങ്ങൾ ഉണ്ടായിരിക്കണം. അതാണ് മൗലികാവകാശങ്ങൾ (Fundamental Rights) എന്നറിയപ്പെടുന്നത്. ജീവിക്കുന്നതിനും സ്വത്തു സമ്പാദിക്കുന്നതിനും സഞ്ചരിക്കുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുമുള്ള അവകാശങ്ങൾ ഇതിൽ പെടുന്നു. ഇന്ത്യൻ ഭരണഘടനയിൽ അതിന്റെ മൂന്നാം ഭാഗത്തിൽ 12 മുതൽ 35 വരെയുള്ള അനുഛേദങ്ങളിലാണ് മൗലികവാകാശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിലൊഴിച്ച്, ഈ മൗലികാവകാശങ്ങൾ നിഷേധിക്കാനുള്ള അധികാരം ഭരണകൂടത്തിന് ഇല്ലായെന്ന് ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്നു. നിയമത്തിന്റെ ദൃഷ്ടിയിൽ

എല്ലാ പൗരന്മാരെയും സമന്മാരായി കണക്കാക്കണമെന്നത് ഇത് പ്രകാരം മൗലികാവകാശമാകുന്നു. മൗലികാവകാശ ധ്വംസനമുണ്ടായാൽ കോടതി മുഖേന അതു സംരക്ഷി ച്ചു കിട്ടുന്നതിനുള്ള അവകാശം പൗരനുണ്ട്.

അനുഛേദം 13ൽ മൗലികാവകാശങ്ങൾക്ക് വിരുദ്ധമായി നിർമിക്കപ്പെടുന്ന നിയമങ്ങൾ അസാധുവാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

14 മുതൽ 32 വരെയുള്ള അനുഛേദങ്ങളിൽ പ്രധാനമായും ആറുതരം അവകാശങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. അതിൽ 25 മുതൽ 28 വരെയുള്ള അനുഛേദം മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. 25, 26 അനുഛേദങ്ങളിൽ പറയുന്നത് കാണുക:

25. ആശയ സ്വാതന്ത്ര്യം, മതം പ്രചരിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുമുള്ള സ്വാതന്ത്ര്യം.

1) ക്രമസമാധാനം, ധാർമികത, പൊതുആരോഗ്യം, ഈ വകുപ്പിലെ മറ്റു പരാമർശങ്ങൾ എന്നിവ കാത്തുസൂക്ഷിച്ചുകൊണ്ട് എല്ലാവർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും ആ വിശ്വാസം ഏറ്റുപറയുവാനും പ്രചരിപ്പിക്കുവാനും അവകാശമുണ്ട്.

2) ഈ വകുപ്പ്;

a.മതപരമായ അനുഷ്ഠാനങ്ങളോടനുബന്ധിച്ച സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ മതേതരമായ മറ്റെന്തെങ്കിലോ കാര്യങ്ങളെ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ വേണ്ടിയിട്ടുള്ളതോ,

b.സാമൂഹിക ഉന്നമനത്തിനു വേണ്ടിയോ പൊതുസ്വഭാവമുള്ള ഹിന്ദുസ്ഥാപനങ്ങൾ ഹിന്ദുമതത്തിലെ എല്ലാവിഭാഗങ്ങൾക്കുമായി തുറന്നുകൊടുക്കുന്നതിനു വേണ്ടിയിട്ടുള്ളതോ ആയ ഏതെങ്കിലും നിയമനിർമാണത്തെ തടസ്സപ്പെടുത്തുന്നില്ല.

വിശദീകരണം 1: കൃപാൺ ധരിക്കുന്നത് സിഖ് മതവിശ്വാസത്തിന്റെ ഏറ്റുപറച്ചിലായി കരുതപ്പെടുന്നു.

വിശദീകരണം 2: 2(b) യിലെ ഹിന്ദുമതത്തെക്കുറിച്ചുള്ള പരാമർശം ബുദ്ധ, ജൈന സിഖ് മതങ്ങൾക്കും ബാധകമാണ്.

26. മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം.

ക്രമസമാധാനം, ധാർമികത, പൊതുആരോഗ്യം, ഈ വകുപ്പിലെ മറ്റു പരാമർശങ്ങൾ എന്നിവ കാത്തു സൂക്ഷിച്ചുകൊണ്ട് എല്ലാമതവിഭാഗങ്ങൾക്കും താഴെപ്പറയുന്ന അവകാശങ്ങളുണ്ടായിരിക്കും:

a.മതപരമോ സാമൂഹ്യസേവനപരമോ ആയ സ്ഥാപനങ്ങൾ തുടങ്ങുവാനും പ്രവർത്തിപ്പിക്കാനുമുള്ള അവകാശം.

b.മതപരമായ പ്രവർത്തനങ്ങളെ ഭരിക്കുന്നതിനുള്ള അവകാശം.

c.നീക്കം ചെയ്യാവുന്നതോ അല്ലാത്തതോ ആയ വസ്തുവകകൾ കൈവശം വയ്ക്കുന്നതിനുള്ള അവകാശം.

d.നിയമാനുസൃതം അത്തരം പ്രോപ്പർട്ടികൾ നോക്കിനടത്തുന്നതിനുള്ള അവകാശം.

**സ്വാതന്ത്ര്യത്തിനുള്ള അവകാശം** (19 -22)

19. ചില പ്രത്യേക സ്വാതന്ത്ര്യാവകാശങ്ങളുടെ സംരക്ഷണം.

A. പ്രകടിപ്പിക്കലിനും പ്രഭാഷണത്തിനുമുള്ള സ്വാതന്ത്ര്യം. B. നിരായുധരായി, സമാധാനപരമായി ഒത്തുചേരാനുള്ള സ്വാതന്ത്ര്യം. C. സംഘടനകളും പ്രസ്ഥാനങ്ങളും രൂപവത്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യം. D. ഇന്ത്യാരാജ്യത്തുടനീളം സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം. E. ഇന്ത്യയുടെ ഏത് ഭാഗത്തും താമസിക്കാനും നിലകൊള്ളാനുമുള്ള സ്വാതന്ത്ര്യം.

a. ഇഷ്ടമുള്ള ജോലി ചെയ്യുന്നതിനുള്ള/ സ്വന്തമായ വ്യവസായം, കച്ചവടം തുടങ്ങിയവ തുടങ്ങുന്നതിനും നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യം.

20. കുറ്റകൃത്യം ചെയ്തവരെ സംബന്ധിച്ചുള്ള സംരക്ഷണം.

21. ജീവിതത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം.

22. ഉത്തരവാദപ്പെട്ട അധികാരികളിൽനിന്നുമുള്ള ഉപദേശമില്ലാതെയുള്ള അറസ്റ്റുകളിൽനിന്നും തടങ്കലിൽനിന്നുമുള്ള സംരക്ഷണം.

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300



ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 33

# തൂലിക പടവാളാക്കിയ പരിഷ്കർത്താവ് 04

സഹോദരൻ അയ്യപ്പനോടൊപ്പം അയിത്തത്തിനെതിരെ പ്രസംഗിക്കാനും അവരുടെ സമരങ്ങൾക്ക് പിന്തുണ നൽകാനും ഇ.കെ.മൗലവി തയ്യാറായി. അയിത്തം കൽപിച്ച് തീണ്ടാപ്പാടകലെ നിർത്തിയിരുന്ന കാലത്ത് ദളിതനായ സഹോദരൻ അയ്യപ്പനെ കൊടുങ്ങല്ലൂരിലെ ഏറിയാട് പള്ളിയിൽ പ്രവേശിപ്പിച്ച് ദളിതൻ തൊട്ടുകൂടാത്തവനോ തീണ്ടിക്കൂടാത്തവനോ അല്ല എന്ന് ഇ.കെ. മൗലവി സമൂഹത്തിന് മുന്നിൽ പ്രഖ്യാപിച്ചു. ദളിതനെ പള്ളിയിൽ പ്രവേശിപ്പിച്ചതിന്റെ പേരിൽ മുസ്‌ലിം സമുദായാംഗങ്ങളുടെ ശക്തമായ എതിർപ്പ് ഇ.കെ. മൗലവിക്കു നേരിടേണ്ടിവന്നു. എന്നാൽ സമുദായം ഇളകിമറിഞ്ഞിട്ടും മൗലവി കുലുങ്ങിയില്ല.

**സാംസ്കാരികലോകം**

വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സാസ്കാരിക നായകൻമാരുമായി ഇ.കെ.മൗലവി സൗഹാർദം പുലർത്തിയിരുന്നു. ഹൈന്ദവ നവോത്ഥാനാചാര്യനായ ശ്രീനാരായണ ഗുരുവിന് ഇ.കെ.മൗലവിയുമായി അടുത്ത ബന്ധമാണുണ്ടായിരുന്നത്. ആലുവയിൽ നടന്ന സർവമത സമ്മേളനത്തിൽ മുസ്‌ലിം പ്രതിനിധിയായി ഗുരു ക്ഷണിച്ചതും തന്റെ ആത്മമിത്രമായിരുന്ന ഇ.കെ.മൗലവിയെയായിരുന്നുവല്ലോ.

ഒരിക്കൽ ശ്രീനാരായണ ഗുരുവിനോട് ഇ.കെ. മൗലവി ചോദിച്ചു: "താങ്കൾ ഹിന്ദു സമുദായത്തിന് വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടു






ണ്ടല്ലോ. താങ്കൾ അതിൽ സംതൃപ്തനാണോ? അതിന് ഗുരുവിന്റെ മറുപടി അല്ലെന്നായിരുന്നു. "നിങ്ങളുടെ മതക്കാരെപ്പോലെ ഒന്നിച്ചിരുന്ന് ഒരു കിണ്ണത്തിൽ കുടിക്കുന്നത് കാണാൻ ഇനിയും ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല. എന്റെ മതക്കാർ അതിന് പാകപ്പെട്ടിട്ടില്ല. ജാതിവ്യവസ്ഥ ഇപ്പോഴും താഴ്ന്ന ജാതിക്കാരെ അടിമകളാക്കുകയാണ്" (ഇ.കെ മൗലവി കുഞ്ഞഹമ്മദ് മൗലവിയോട് പറഞ്ഞതാണ് ഈ സംഭവം). ഈഴവ-തിയ്യ സമുദായങ്ങളിലെ മദ്യാസക്തിയും മുസ്‌ലിംകളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുമായിരുന്നു ഇരുവരുടെയും കണ്ടുമുട്ടലുകളിൽ എപ്പോഴും ചർച്ചാവിഷയമായിരുന്നത്.[86]

ജാതിരഹിതവും വർഗരഹിതവുമായ പുതിയ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ പരിശ്രമിച്ച ദളിത് നവോത്ഥാനനായകനായിരുന്ന സഹോദരൻ അയ്യപ്പനുമായും ഇ.കെ.മൗലവി സൗഹൃദം പുലർത്തി. സഹോദരൻ അയ്യപ്പനോടൊപ്പം അയിത്തത്തിനെതിരെ പ്രസംഗിക്കാനും അവരുടെ സമരങ്ങൾക്ക് പിന്തുണ നൽകാനും ഇ.കെ.മൗലവി തയ്യാറായി. അയിത്തം കൽപിച്ച് തീണ്ടാപ്പാടകലെ നിർത്തിയിരുന്ന കാലത്ത് ദളിതനായ സഹോദരൻ അയ്യപ്പനെ കൊടുങ്ങല്ലൂരിലെ ഏറിയാട് പള്ളിയിൽ പ്രവേശിപ്പിച്ച് ദളിതൻ തൊട്ടുകൂടാത്തവനോ തീണ്ടിക്കൂടാത്തവനോ അല്ല എന്ന് ഇ.കെ. മൗലവി സമൂഹത്തിന് മുന്നിൽ പ്രഖ്യാപിച്ചു. ദളിതനെ പള്ളിയിൽ പ്രവേശിപ്പിച്ചതിന്റെ പേരിൽ മുസ്‌ലിം സമുദായാംഗങ്ങളുടെ ശക്തമായ എതിർപ്പ് ഇ.കെ.മൗലവിക്കു നേരിടേണ്ടിവന്നു. എന്നാൽ സമുദായം ഇളകിമറിഞ്ഞിട്ടും മൗലവി കുലുങ്ങിയില്ല.

ഇ.കെ.മൗലവിക്കു പുറമെ മണപ്പാട് കുഞ്ഞഹമ്മദ് ഹാജിയുമായും സഹോദരൻ അയ്യപ്പൻ ഗാഢബന്ധം നിലനിർത്തിയിരുന്നു. മണപ്പാട് കുഞ്ഞഹമ്മദ് ഹാജിയുടെ പുത്രിയുടെ പേര് ആഇശ എന്നായിരുന്നു. അദ്ദേഹവുമായുള്ള അടുപ്പം കാരണമാണ് സഹോദരൻ അയ്യപ്പൻ തന്റെ പുത്രിക്ക് ആഇശ എന്ന് പേര് നൽകിയത്. ഇ.കെ.മൗലവി പിന്നീട് തന്റെ പൗത്രിക്ക് ആഇശ എന്ന് പേരു നൽകിയത് ഈ ബന്ധത്തിന്റെ ഫലമായിരുന്നോ എന്ന് പറയാൻ വയ്യ.

കൊച്ചിൻ സ്റ്റേറ്റ് മാനുവലിന്റെ കർത്താവായ സി.അച്യുതമേനോൻ, ജ്ഞാനപീഠം കരസ്ഥമാക്കിയ മഹാകവി ജി.ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി ശ്രീധരമേനോൻ, കവി തിലകൻ, പ്രൊഫ.പി.ശങ്കരൻ നമ്പ്യാർ, തുടങ്ങിയ കൊച്ചി പ്രദേശത്തെ സാഹിത്യ പ്രതിഭകളെല്ലാം ഇ.കെ.മൗലവിയുടെ സുഹൃത്തുക്കളായിരുന്നു.

സുപ്രസിദ്ധ ഇംഗ്ലീഷ് എഴുത്തുകാരനായിരുന്ന എച്ച്.ജി. വെൽസിന്റെ 'ലോക ചരിത്ര സംഗ്രഹം' (A short history of the world)) എന്ന ഗ്രന്ഥം സി.അച്യുതമേനോൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തപ്പോൾ വിവർത്തനത്തിൽ വന്ന പിഴവുകൾ ചൂണ്ടിക്കാണിക്കുവാൻ ഈ സൗഹൃദം ഇ.കെ. മൗലവിക്ക് തടസ്സമായില്ല. വിവർത്തനത്തിൽ വരുത്തിയ പിഴവുകൾ ഇസ്‌ലാമിനെക്കുറിച്ച് തെറ്റിദ്ധാരണയുണ്ടാക്കാൻ കാരണമായിട്ടുണ്ടെന്ന് മൗലവി സാഹിബ് ഉണർത്തുകയും ചെയ്തു. തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ തന്നെ അച്യുതമേനോനെ ശ്ലാഘിക്കാനും മൗലവി മറന്നില്ല.

ഇസ്‌ലാമും എച്ച്.ജി. വെൽസും എന്ന ഗ്രന്ഥത്തിൽ സി. അച്യുത മേനോനെ പ്രശംസിക്കുന്ന വരികൾ ഇങ്ങനെ വായിക്കാം:

“സുപ്രസിദ്ധ എഴുത്തുകാരനായ എച്ച്.ജി. വെൽസിനെപ്പറ്റി അറിയാത്തവരായി പത്രലോകവുമായി ബന്ധപ്പെട്ടവരിൽ അധികം പേരുണ്ടാകുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ ലോക ചരിത്രസംഗ്രഹം (A short history of the world)) എന്ന കൃതിയെ ഒരത്ഭുത വസ്തുവായിട്ടാണ് വിചാരിച്ചുവരുന്നത്. ലോകത്തിന്റെ ചരിത്ര സംഗ്രഹം ഒരു പോക്കറ്റ് ബുക്കിൽ ഒതുക്കി എന്നതാണ് അതിനുള്ള കാരണം. എന്നാൽ, ആംഗലേയ ഭാഷ അറിഞ്ഞുകൂടാത്ത കേരളീയർക്ക് പ്രസ്തുത പുസ്തകത്തിന്റെ ഉള്ളടക്കം പരിശോധിച്ചറിയാൻ ഇതേവരെ സാധിച്ചിരുന്നില്ല. ഇപ്പോൾ ശ്രീമാൻ സി.അച്യുത മേനോൻ ബി.എ, ബിഎൽ അവർകളുടെ പരിശ്രമഫലമായി അക്കാര്യവും സാധിതപ്രായമായിത്തീർന്നിരിക്കുന്നു. അതിൽ നമുക്കെല്ലാവർക്കും സന്തോഷിക്കാം. ആംഗലേയ ഭാഷ അറിഞ്ഞുകൂടാത്ത മലയാളികൾക്ക് എളുപ്പത്തിൽ ലോക ചരിത്രസംഗ്രഹം ഗ്രഹിക്കാൻ സാധിച്ചുവെന്ന് മാത്രമല്ല, കൈരളിക്ക് ഒരു രത്നഹാരം കൂടി ലഭിച്ചുവെന്നതു പ്രത്യേകം ചാരിതാർഥ്യജനകം തന്നെ.”

ആറാം നൂറ്റാണ്ടിലെ അറബി കവിയായിരുന്ന ഉംറുൽ ഖൈസിന്റെ ‘മുഅല്ലക’ എന്ന കവിത ഭാഗികമായി മൗലവി സാഹിബ് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുകയും ശങ്കരൻ നമ്പ്യാർ അത് മലയാള പദ്യരൂപത്തിൽ ആവിഷ്കരിക്കുകയും ചെയ്തിരുന്നു.

കൊടുങ്ങല്ലൂർ സ്വദേശിയായ ചരിത്രകാരനും പത്രപ്രവർത്തകനുമായിരുന്ന പി.എ.സെയ്ത് മുഹമ്മദ് മൗലവി സാഹിബിനെ ഗുരുതുല്യനായാണ് കണ്ടിരുന്നത്. ‘സംസ്കൃത പണ്ഡിതൻ’ എന്നാണ് മൗലവി സെയ്ത് മുഹമ്മദിനെ വിശേഷിപ്പിച്ചിരുന്നത്. മൗലവിയുമായി ഗാഢബന്ധം പുലർത്തിയിരുന്ന അദ്ദേഹം നിരവധി തവണ മൗലവിയുടെ അതിഥിയായി തിരൂരങ്ങാടിയിലും തലശ്ശേരിയിലും എത്തിയിരുന്നു.

**ഖാദിയാനികൾക്കെതിരെ**

മീർസാ ഗുലാം അഹ്മദ് ഖാദിയാനി എന്ന കള്ള പ്രവാചകൻ നുബുവ്വത്ത് വാദവുമായി രംഗപ്രവേശം ചെയ്ത് താമസിയാതെത്തന്നെ കേരളത്തിലും അദ്ദേഹത്തിന് അനുയായികളുണ്ടാകുകയും കേരളത്തിൽ അവരുടെ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിരുന്നു. ബർമയിലേക്ക് കച്ചവടാവശ്യാർഥം പോയ കണ്ണൂരിലെ എടപ്പകത്ത് അബ്ദുൽ ഖാദർ കുട്ടിയാണ് മലയാളിയായ ആദ്യത്തെ ഖാദിയാനി. 1902ൽ അദ്ദേഹം ഖാദിയാനി മതം സ്വീകരിച്ചിരുന്നു. പിന്നീട് കണ്ണൂരിലെയും പഴയങ്ങാടിയിലെയും കുറേ പേർ ഖാദിയാനികളായി.

ഒട്ടേറെ പേർ വഴിതെറ്റുന്നത് കണ്ട ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി സന്ദർഭത്തിനനുസരിച്ച് ഉയർന്ന് പ്രവർത്തിക്കുകയും ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ അവരെ നേരിടുകയും ചെയ്തു. ഖാദിയാനികളെ വെല്ലുവിളിച്ച അദ്ദേഹം പ്രമാണങ്ങളുടെ വെളിച്ചത്തിൽ അവരുടെ ഇസ്‌ലാമികവിരുദ്ധ വാദങ്ങളുടെ മുനയൊടിച്ചു. കണ്ണൂരിലെ മൊയ്തീൻ കുട്ടി മൗലവി, ബിലാവിനകത്ത് കുഞ്ഞഹമ്മദ് ഹാജി എന്നീ പ്രമുഖർ ഖാദിയാനികളായതോടെ അവരുടെ സ്വാധീനം വർധിച്ചു.


هو الذي ارسل رسوله بالهدي و دين الحق ليظهره
على الدين كله ولوكره المشركون

THE

SATHYADOOTHAN.

സത്യദൂതൻ.

വിഷയവിവരം.

| | | പുറം. |
|---|---|---|
| 1. | മനുഷ്യ ജീവിതോദ്ദേശ്യവും ഇസ്‌ലാം മതോപദേശവും | 33—42 |
| 2. | സത്യസാക്ഷ്യം (തുടർച്ച). | 42—49 |
| 3. | ഇ. കെ. മൌലവിയും “ഇക്കാലത്തിൻ ഇമാമും.” | 50—59 |
| 4. | പബ്ളിക്ഡയറി. | 60—65 |
| 5. | പള്ളിമുടക്കം. | 65—66 |
| 6. | സത്യദൂതനും പത്രാഭിപ്രായങ്ങളും. | 66--68 |

Editor, H. HUSSAIN.

'സത്യദൂതൻ' മലയാള മാസികയിലൂടെ ഖാദിയാനികൾ തങ്ങളുടെ വാദങ്ങൾ പ്രചരിപ്പിച്ചപ്പോൾ 'അൽഅമീൻ' പത്രത്തിൽ മൂർച്ചയേറിയ തൂലികയിലൂടെ ഇ.കെ.മൗലവി സാഹിബ് ഖാദിയാനികൾക്കെതിരെ ആഞ്ഞടിച്ചു. 'ഇക്കാലത്തിൻ ഇമാം' എന്ന തലക്കെട്ടിൽ അൽഅമീനിൽ ഖാദിയാനികൾക്കെതിരെ അദ്ദേഹം എഴുതിയ ലേഖനം അവരുടെ വാദങ്ങൾക്കെതിരെയുള്ള വായടപ്പൻ മറുപടിയായിരുന്നു. ഈ ലേഖനത്തെയും ഇ.കെ.മൗലവിയെ വ്യക്തിപരമായും വിമർശിച്ചുകൊണ്ട് സത്യദൂതൻ മാസികയിൽ ഖാദിയാനികൾ എഴുതിയ മറുപടി ഇ.കെ. മൗലവിയുടെ ലേഖനം അവരെ എത്രമാത്രം ചൊടിപ്പിച്ചിരുന്നു എന്ന് വ്യക്തമാക്കുന്നതാണ്.



60 സത്യദൂതൻ.

ഇ. കെ. മൌലവിയും

"ഇക്കാലത്തിൻ ഇമാമും."

"അൽഅമീൻ" പത്രത്തിന്റെ 41-ാംലക്കത്തിൽ "ഇക്കാലത്തിൻ ഇമാം" എന്ന തലക്കെട്ടിൽ ഇ. കുഞ്ഞമ്മദ് കുട്ടി മൌലവി എന്നൊരാൾ എഴുതിയ ഒരു ലേഖനം വായിച്ചു ഞാൻ വിസ്മയിച്ചുപോയി. ഇദ്ദേഹം, "അൽ ഇർഷാദ്" എന്ന അറബിമലയാളമാസികയുടെ പ്രവർത്തകന്മാരിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ഒരു മുസല്യാർ, "അൽഅമീൻ" മുതലായ മുസ്ലിം പത്രങ്ങളിലുംമററും പലതും പൊടിപൊടിച്ചു തട്ടിവിടുന്ന ഒരു 'കടുകുട്ടി,' ഇങ്ങനെയൊക്കെയാണെങ്കിലും മേല്പടി ലേഖനത്തിൽ താൻ എന്തെല്ലാം അസംബന്ധങ്ങളാണ് എഴുതിക്കൂട്ടിയിരിക്കുന്നതു! ഹാ, സർവ്വസാക്ഷിയായ 'അല്ലാഹു'! ഈ പതിന്നാലാം നൂററാണ്ടിലെ മുജദ്ദിദും ഇക്കാലത്തെ ഇമാമും മസീഹും മഹ്ദിയുമായി നിന്നാലയക്കപ്പെട്ടു, ഏഷ്യാ, യൂറോപ്പു, ആഫ്രിക്കാ, അമേരിക്കാ, ആസ്ത്രേലിയാ, എന്നീ പഞ്ചഖണ്ഡങ്ങളിലുമായി ലക്ഷോപിലക്ഷം മഹാജനങ്ങളുടെ ആദരവിന്നും ബഹുമാനത്തിന്നും പാത്രീഭൂതരായിരിക്കുന്ന 'ഹസ്രത്ത് മീർസാഗുലാം അഹമദ (അ) തങ്ങൾ (നഊദുബില്ലാഹ്) "ഈ നൂററാണ്ടിന്റെ മുജദ്ദിദല്ല മുഫ്സിദാണെന്നും" മററുമാണ് ഈവക തീരെ തിരിവില്ലാത്ത മൌലവി പുലമ്പുന്നതു. ഇതുകേട്ടു നമ്മുടെ മുസൽമാൻ സഹോദരന്മാരുടെയിടയിൽ എന്തൊരു ബഹളമാണ്! "കണ്ടില്ലേ, കാദിയാനികളുടെ കള്ളത്തരങ്ങളൊക്കെ പുറത്തു ചാടുന്നതു; ഇവര് എന്തെല്ലാം മറച്ചുവെച്ചിട്ടാണ് മററുള്ളവരെ കളിപ്പിക്കുന്നതു," എന്നുംമററും ഒരുകൂട്ടർ. പിന്നെ, പുസ്തകങ്ങളും പത്രങ്ങളും കണ്ടാൽ 'വെളുത്ത

കണ്ണൂരിൽ ഖാദിയാനികൾക്ക് സ്വാധീനം വർധിക്കുന്നത് അറക്കൽ രാജാവിനെ അസ്വസ്ഥനാക്കി. ഖാദിയാനികളുമായി തുറന്ന സംവാദം സംഘടിപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു, സംവാദത്തിലൂടെ ഖാദിയാനികളെ പ്രതിരോധിക്കാൻ അറക്കൽ രാജാവ് ക്ഷണിച്ചത് ചാലിലകത്തിനെയായിരുന്നു. പിന്നീട് കുട്ടി മാപ്പിളകത്ത് ഇബ്രാഹിം കുഞ്ഞ് എന്ന ആൾ ഖാദിയാനീമതം സ്വീകരിക്കുകയും അവർക്കു വേണ്ടി തുഹ്ഫത്തുൽ മലബാർ എന്ന അറബി മലയാള പുസ്തകം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഖാദിയാനികളുടെ ഇസ്‌ലാമിക വിരുദ്ധ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് തെളിവുകൾ നിരത്തിവെച്ച് അക്കമിട്ട് മറുപടി പറയുന്ന 'ഖാദിയാനീഖണ്ഡനം' എന്ന ഒരു ഗ്രന്ഥം ചാലിലകത്ത് എഴുതുകയുണ്ടായി. കണ്ണൂരിലെ മുസ്‌ലിം പൗരപ്രധാനികളാണ് ആ പുസ്തകം പ്രസിദ്ധീകരിച്ചത്. ഖാദിയാനികളുടെ വാദങ്ങൾക്ക് ഖുർആൻ, ഹദീസ്, തഫ്സീറുകൾ മുതലായവയുടെ അടിസ്ഥാനത്തിൽ മറുപടി നൽകാൻ സാധിച്ചതിനാൽ ഖാദിയാനിസത്തിന്റെ വളർച്ച മുളയിലേ നുള്ളിക്കളയാൻ മൗലാനാ ചാലിലകത്തിന് സാധിച്ചു.

ചാലിലകത്തിന്റെ മരണത്തോടെ ഖാദിയാനിസം വീണ്ടും തലപൊക്കാൻ തുടങ്ങി. 1925ൽ ഖാദിയാനികൾ 'സത്യദൂതൻ' മലയാള മാസിക പ്രസിദ്ധീകരണമാരംഭിച്ചത് അവരുടെ പ്രചാരണത്തിന് ആക്കം കൂട്ടി. കേരളത്തിലെ മറ്റു ചിലയിടങ്ങളിലും ഖാദിയാനി മതാനുയായികളുണ്ടായി. ചാലിലകത്തിന്റെ അസാന്നിധ്യത്തിൽ അവരുന്നയിച്ച വാദങ്ങൾക്കു മറുപടി പറയാൻ അദ്ദേഹത്തിന്റെ ശിഷ്യൻ ഇ.കെ.മൗലവിയാണ് പിന്നീട് രംഗത്തുവന്നത്.

ഒരിക്കൽ ഖാദിയാനികൾക്കെതിരെ ഒരു പ്രഭാഷണം സംഘടിപ്പിക്കുന്നതിന് യാഥാസ്ഥിതികരടക്കമുള്ള കണ്ണൂരിലെ പൊതുസമൂഹം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ വിഷയമവതരിപ്പിക്കുന്നതിനായി ക്ഷണിക്കാൻ ആ സമൂഹം തീരുമാനിച്ചത് ഇ.കെ. മൗലവിയെയായിരുന്നു. അദ്ദേഹം ആ പരിപാടിയിൽ സംബന്ധിക്കുകയും തെളിവുസഹിതം ഖാദിയാനികളുടെ വാദങ്ങളെ ഖണ്ഡിക്കുകയുമുണ്ടായി

'സത്യദൂതൻ' മലയാള മാസികയിലൂടെ ഖാദിയാനികൾ തങ്ങളുടെ വാദങ്ങൾ പ്രചരിപ്പിച്ചപ്പോൾ 'അൽഅമീൻ' പത്രത്തിൽ മൂർച്ചയേറിയ തൂലികയിലൂടെ ഇ.കെ. മൗലവി സാഹിബ് ഖാദിയാനികൾക്കെതിരെ ആഞ്ഞടിച്ചു. 'ഇക്കാലത്തിൻ ഇമാം' എന്ന തലക്കെട്ടിൽ അൽഅമീനിൽ ഖാദിയാനികൾക്കെതിരെ അദ്ദേഹം എഴുതിയ ലേഖനം അവരുടെ വാദങ്ങൾക്കെതിരെയുള്ള വായടപ്പൻ മറുപടിയായിരുന്നു. ഈ ലേഖനത്തെയും ഇ.കെ.മൗലവിയെ വ്യക്തിപരമായും വിമർശിച്ചുകൊണ്ട് സത്യദൂതൻ മാസികയിൽ ഖാദിയാനികൾ എഴുതിയ മറുപടി ഇ.കെ.മൗലവിയുടെ ലേഖനം അവരെ എത്രമാത്രം ചൊടിപ്പിച്ചിരുന്നു എന്ന് വ്യക്തമാക്കുന്നതാണ്.

*അവലംബം:*

*86. ഇസ്ഹാഖ് അലി കല്ലിക്കണ്ടി, 'മുജാഹിദ് പ്രസ്ഥാനം കേരളത്തിൽ,' കെ.എൻ.എം. പബ്ലിഷിംഗ് വിംഗ്, പേജ് 270.*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുൽ അഹ്സാബ്

## സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം 33

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ
يَا أَيُّهَا النَّبِيُّ اتَّقِ اللَّهَ وَلَا تُطِعِ الْكَافِرِينَ
وَالْمُنَافِقِينَ ۗ إِنَّ اللَّهَ كَانَ عَلِيمًا حَكِيمًا ﴿١﴾
وَاتَّبِعْ مَا يُوحَىٰ إِلَيْكَ مِن رَّبِّكَ ۚ إِنَّ اللَّهَ
كَانَ بِمَا تَعْمَلُونَ خَبِيرًا ﴿٢﴾
وَتَوَكَّلْ عَلَى اللَّهِ ۚ وَكَفَىٰ بِاللَّهِ وَكِيلًا ﴿٣﴾
مَّا جَعَلَ اللَّهُ لِرَجُلٍ مِّن قَلْبَيْنِ فِي جَوْفِهِ ۚ
وَمَا جَعَلَ أَزْوَاجَكُمُ اللَّائِي تُظَاهِرُونَ
مِنْهُنَّ أُمَّهَاتِكُمْ ۚ وَمَا جَعَلَ أَدْعِيَاءَكُمْ
أَبْنَاءَكُمْ ۚ ذَٰلِكُمْ قَوْلُكُم بِأَفْوَاهِكُمْ ۖ
وَاللَّهُ يَقُولُ الْحَقَّ وَهُوَ يَهْدِي السَّبِيلَ ﴿٤﴾
ادْعُوهُمْ لِآبَائِهِمْ هُوَ أَقْسَطُ عِندَ اللَّهِ ۚ فَإِن
لَّمْ تَعْلَمُوا آبَاءَهُمْ فَإِخْوَانُكُمْ فِي الدِّينِ
وَمَوَالِيكُمْ ۚ وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَا
أَخْطَأْتُم بِهِ وَلَٰكِن مَّا تَعَمَّدَتْ قُلُوبُكُمْ ۚ
وَكَانَ اللَّهُ غَفُورًا رَّحِيمًا ﴿٥﴾

1. (നബിയേ,) നീ അല്ലാഹുവെ സൂക്ഷിക്കുക. സത്യനിഷേധികളെയും കപടവിശ്വാസികളെയും അനുസരിക്കാതിരിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു.
2. നിനക്ക് നിന്റെ രക്ഷിതാവിങ്കൽനിന്ന് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.
3. അല്ലാഹുവെ നീ ഭരമേൽപിക്കുകയും ചെയ്യുക. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി.
4. യാതൊരു മനുഷ്യന്നും അവന്റെ ഉള്ളിൽ അല്ലാഹു രണ്ടു ഹൃദയങ്ങളുണ്ടാക്കിയിട്ടില്ല. നിങ്ങൾ നിങ്ങളുടെ മാതാക്കളെപ്പോലെയായി പ്രഖ്യാപിക്കുന്ന നിങ്ങളുടെ ഭാര്യമാരെ അവൻ നിങ്ങളുടെ മാതാക്കളാക്കിയിട്ടുമില്ല. നിങ്ങളിലേക്ക് ചേർത്തുവിളിക്കപ്പെടുന്ന നിങ്ങളുടെ ദത്തുപുത്രൻമാരെ അവൻ നിങ്ങളുടെ പുത്രൻമാരാക്കിയിട്ടുമില്ല. അതൊക്കെ നിങ്ങളുടെ വായ കൊണ്ടു നിങ്ങൾ പറയുന്ന വാക്ക് മാത്രമാകുന്നു. അല്ലാഹു സത്യം പറയുന്നു. അവൻ നേർവഴി കാണിച്ചുതരികയും ചെയ്യുന്നു.
5. നിങ്ങൾ അവരെ (ദത്തുപുത്രൻമാരെ) അവരുടെ പിതാക്കളിലേക്ക് ചേർത്ത് വിളിക്കുക. അതാണ് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നീതിപൂർവകമായിട്ടുള്ളത്. ഇനി അവരുടെ പിതാക്കളെ നിങ്ങൾ അറിയില്ലെങ്കിൽ അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളുമാകുന്നു. അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷേ, നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞുകൊണ്ടു ചെയ്തത് (കുറ്റകരമാകുന്നു). അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

(1-2) അല്ലാഹു പ്രവാചകത്വം നൽകി അനുഗ്രഹിച്ചവരേ, വഹ്‌യ് നൽകി പ്രവാചകനാക്കുകയും മറ്റു സൃഷ്ടികളിൽ ശ്രേഷ്ഠത നൽകപ്പെടുകയും ചെയ്തവരേ, താങ്കളുടെ നാഥനെ ഭയപ്പെട്ടുകൊണ്ട് താങ്കൾക്ക് നൽകിയ അനുഗ്രഹത്തിന് നന്ദി ചെയ്യുക. അത് മറ്റുള്ളവരെക്കാൾ താങ്കൾക്ക് അനുയോജ്യമായതാണ്. അല്ലാഹുവിന്റെ കൽപനാ വിരോധങ്ങൾ നന്നായി പാലിക്കുക. അവന്റെ സന്ദേശം പ്രചരിപ്പിക്കുക. അവന്റെ ദാസന്മാർക്ക് അവന്റെ വഹ്‌യ് നൽകുക. എല്ലാവരോടും ഗുണകാംക്ഷ പുലർത്തുക.

അത് ചെയ്യുന്നതിൽനിന്ന് ഒന്നും താങ്കളെ തടയില്ല. അതിൽനിന്ന് താങ്കളെ പിന്തിരിപ്പിക്കാൻ ഒന്നിനുമാവില്ല. അല്ലാഹുവിനോടും ദൂതനോടും ശത്രുത പ്രകടിപ്പിക്കുന്ന ഒരു ശത്രുവിനെയും നീ അനുസരിക്കരുത്. തന്റെ അവിശ്വാസം മറച്ചുവെച്ച് പുറത്ത് വി

ശ്വാസിയായി നടിച്ച കപടവിശ്വാസിയെയും നീ അനുസരിക്കരുത്. ഇവരാണ് യഥാർഥ ശത്രുക്കൾ. അതിനാൽ ഭക്തിക്ക് തുരങ്കം വെക്കുന്നതും അതിനെതിരായതുമായ കാര്യങ്ങളിലും നീ അവരെ അനുസരിക്കരുത്. പകരം(താങ്കളുടെ രക്ഷിതാവിൽനിന്ന് താങ്കൾക്ക് ബോധനം നൽകപ്പെടുന്നത് പിൻപറ്റുക) കാരണം അത് മാർഗദർശനവും കാരുണ്യവുമാണ്. അതുമൂലം താങ്കളുടെ രക്ഷിതാവിന്റെ പ്രതിഫലം ആഗ്രഹിക്കുകയും ചെയ്യുക. തീർച്ചയായും അവൻ (നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു) അറിയുന്നതിനനുസരിച്ച് നല്ലതോ ചീത്തയോ പ്രതിഫലമായി നൽകും.

3) അവരുടെ വഴിപിഴച്ച ഇച്ഛകൾക്കും ആഗ്രഹങ്ങൾക്കും വഴങ്ങിയില്ലെങ്കിൽ അവരിൽനിന്ന് നിങ്ങൾക്ക് എന്തെങ്കിലും ദോഷം സംഭവിക്കുമെന്നോ ആളുകളെ സൻമാർഗത്തിലേക്ക് നയിക്കാൻ തടസ്സമുണ്ടാകുമെന്നോ താങ്കൾ കരുതുന്നുവെങ്കിൽ ആ ധാരണ മനസ്സിൽനിന്ന് ഒഴിവാക്കുക. അതിനെ പ്രതിരോധിക്കാൻ അല്ലാഹുവിൽ ഭരമേൽപിക്കുന്നതിലൂടെ കഴിയും. അതായത് ഉപകാരമോ ഉപദ്രവമോ മരിപ്പിക്കാനോ ജീവിപ്പിക്കാനോ ഉയിർത്തെഴുന്നേൽപിക്കാനോ അധികാരമില്ലാത്തവർക്ക് പകരം അല്ലാഹുവിൽ ഭരമേൽപിക്കുക. അവരുടെ ഉപദ്രവങ്ങളിൽ നിന്നെല്ലാം താങ്കളെ സംരക്ഷിക്കുമെന്ന് വിശ്വസിക്കുക; ഏത് അവസ്ഥയായിരുന്നാലും. താങ്കളോട് അവൻ നിർദേശിച്ച ഈ ദീനിന്റെ സംസ്ഥാപനത്തിന് അവൻ താങ്കളെ സഹായിക്കുമെന്ന് ഉറച്ചു വിശ്വസിക്കുക.

(കൈകാര്യ കർത്താവായി അല്ലാഹു തന്നെ മതി) കാര്യങ്ങൾ അവനെ ഏൽപിക്കുക. അതവൻ നിർവഹിക്കും; തന്റെ ദാസന് ഏറ്റവും നല്ലതാകുന്ന രൂപത്തിൽ. തന്റെ ദാസന് ഏറ്റവും നല്ലതേതാണെന്ന് അവനറിയാം. ദാസനറിയില്ലെങ്കിലും ആ നന്മ തന്റെ ദാസന് എത്തിച്ചുകൊടുക്കാൻ അവന് കഴിയും. തന്റെ ദാസനോട് അവനെക്കാളും അവന്റെ മാതാപിതാക്കളെക്കാളും മറ്റാരെക്കാളും കാരുണ്യമുള്ളവനാണ് അല്ലാഹു. പ്രത്യേകിച്ചും തന്റെ പ്രത്യേകക്കാരായ ദാസന്മാർക്ക്. അവരെ അവൻ പ്രത്യേകം പരിപാലിച്ചുകൊണ്ടിരിക്കുന്നു. അവന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. അവന്റെ കാര്യങ്ങൾ തന്നിലേക്ക് ഏൽപിക്കണമെന്ന് പറഞ്ഞ സ്ഥിതിക്ക് പ്രത്യേകിച്ചും അത് നിർവഹിച്ചുകൊടുക്കാമെന്ന് അവൻ വാഗ്ദത്തം ചെയ്തതുമാണ്. ഒരു വ്യക്തി അപ്രകാരം അല്ലാഹുവിൽ ഭരമേൽപിച്ചാൽ എല്ലാ കാര്യവും എളുപ്പമാകും. പ്രയാസങ്ങൾ ലളിതമാകും. അപകടങ്ങൾ നിസ്സാരമാകും. വിഷമങ്ങൾ നീങ്ങിപ്പോകും. ആവശ്യങ്ങൾ നിറവേറ്റപ്പെടും. അനുഗ്രഹങ്ങൾ ഇറങ്ങും. ശിക്ഷകൾ തടയും. ദുരന്തങ്ങൾ നീങ്ങും. ഇതൊക്കെ എങ്ങനെ സംഭവിക്കുമെന്ന് ചോദിക്കരുത്. തന്റെ എല്ലാ കാര്യവും യജമാനനെ ഏൽപിച്ച ദുർബലനായ അടിമക്ക് ഒരുകൂട്ടം ജനങ്ങൾക്ക് നേടാനാവാത്തത് നേടാൻ കഴിയും. ഏറ്റവും കഠിനശക്തിയുള്ളവർക്ക് ബുദ്ധിമുട്ടുള്ളത് അല്ലാഹു അവന് എളുപ്പമാക്കും. അല്ലാഹുവിൽ ശരണം.

4) അല്ലാഹു ഇവിടെ തന്റെ അടിമകളെ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറയുന്നതിനെ വിലക്കുകയാണ്. അവർ പറയുന്നതുപോലെ അല്ലാഹു അവരെ ആക്കിയിട്ടില്ല. അത്തരം വാക്കുകൾ തെറ്റായ ഫലങ്ങളിലേക്ക് എത്തിക്കുന്ന നുണകളും കെട്ടുകഥകളുമാണ്. യഥാർഥമല്ലാത്ത എല്ലാതരം സംസാരങ്ങളും ഇതിൽപ്പെടും. ഇതൊരു പൊതുതത്ത്വമാണ്. എന്നാൽ ഇത് നടക്കുന്ന കാര്യമായതുകൊണ്ടും വിശദീകരണം ആവശ്യമുള്ളത് കൊണ്ടും ഇതിനെ പ്രത്യേകമായി പരാമർശിക്കുന്നു. (യാതൊരു മനുഷ്യനും അവന്റെ ഉള്ളിൽ അല്ലാഹു രണ്ട് ഹൃദയങ്ങൾ ഉണ്ടാക്കിയിട്ടില്ല) അത് സംഭവിക്കില്ല. അതിനാൽ ആരുടെയെങ്കിലും ഉള്ളിൽ രണ്ട് ഹൃദയങ്ങളുണ്ടെന്ന് പറയുന്നത് സൂക്ഷിക്കുക. കാരണം അത് അല്ലാഹുവിന്റെ സൃഷ്ടിപ്പിനെക്കുറിച്ച് കള്ളം പറയലായിരിക്കും. (നിങ്ങൾ നിങ്ങളുടെ മാതാക്കളെപ്പോലെയായി പ്രഖ്യാപിക്കുന്ന നിങ്ങളുടെ ഭാര്യമാരെ അവൻ ആക്കിയിട്ടില്ല) 'നീ എനിക്ക് എന്റെ ഉമ്മയുടെ പുറം പോലെ' അല്ലെങ്കിൽ 'ഉമ്മയെപ്പോലെ' എന്ന് തന്റെ ഭാര്യമാരോട് പറയുക എന്നത്. അവരെ (നിങ്ങളുടെ ഉമ്മമാർ) അല്ലാഹു ആക്കിയിട്ടില്ല. ഉമ്മമാർ നിങ്ങൾക്ക് ജന്മം നൽകിയവരാണ്. നിങ്ങളുടെ ബന്ധത്തിൽ ഏറ്റവും പവിത്രതയുള്ളതും വിവാഹം കഴിക്കുന്നതിൽ ഏറ്റവും വിലക്കപ്പെട്ടതും അവരാണ്. നിങ്ങളുടെ ഭാര്യമാരാകട്ടെ, നിങ്ങൾക്ക് അനുവാദമുള്ള സ്ത്രീകളാണ്.

(1) "ഒരു വ്യക്തിയുടെ ഹൃദയത്തിൽ വിശ്വാസവും അവിശ്വാസവും സന്മാർഗവും ദുർമാർഗവും പശ്ചാത്താപവും പാപം ചെയ്യാനുള്ള താൽപര്യവും ഒന്നിച്ചുണ്ടാക്കലും എന്നതാണ് രണ്ട് ഹൃദയമില്ല എന്നതിന്റെ വിവക്ഷ. ഒന്ന് വിശ്വാസത്തിനും മറ്റൊന്ന് അവിശ്വാസത്തിനും" (ഖുർതുബി).

അപ്പോൾ ഇങ്ങനെയാണ് ഈ രണ്ട് വൈരുധ്യങ്ങളെ സാദൃശ്യപ്പെടുത്തുന്നത്? ഇക്കാര്യം അനുവദനീയമല്ല. അല്ലാഹു പറയുന്നു:

الَّذِينَ يُظَاهِرُونَ مِنكُم مِّن نِّسَائِهِم مَّا هُنَّ أُمَّهَاتِهِمْ ۖ إِنْ أُمَّهَاتُهُمْ إِلَّا اللَّائِي وَلَدْنَهُمْ ۚ وَإِنَّهُمْ

لَيَقُولُونَ مُنكَرًا مِّنَ ٱلْقَوْلِ وَزُورًا

"നിങ്ങളുടെ കൂട്ടത്തിലെ തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുന്നവർ അവർ ഭാര്യമാർ അവരുടെ മാതാക്കളിലും അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകൾ അല്ലാതെ മറ്റാരുമല്ല. തീർച്ചയായും അവർ നിഷിദ്ധമായ വാക്കും അസത്യവുമാണ് പറയുന്നത്'' (58:2). (നിങ്ങളിലേക്ക് ചേർത്ത് വിളിക്കപ്പെടുന്ന നിങ്ങളുടെ ദത്തുപുത്രന്മാരെ അവൻ നിങ്ങളുടെ പുത്രന്മാർ ആക്കിയിട്ടുമില്ല) ദത്തെടുക്കപ്പെട്ട പുത്രൻ എന്നത് തന്റെ പുത്രനല്ലാത്ത ഒരാളെ തന്നിലേക്ക് ചേർത്ത് തന്റെ പുത്രൻ എന്ന് വിളിക്കലാണ്. അതല്ലെങ്കിൽ ദത്തെടുത്തതിനാൽ ആ പേരിടുക. ഇത് ജാഹിലിയ്യ കാലത്തെ ഒരു സ്രമ്പദായമായിരുന്നു; അതായത് ഇസ്‌ലാമിന്റെ തുടക്കത്തിൽ. എന്നാൽ അല്ലാഹു ഈ ആചാരം നിർത്തലാക്കാനും ഇല്ലാതാക്കാനും ഉദ്ദേശിച്ചു. ആദ്യം അല്ലാഹു അത് മോശമായ ഒരു കാര്യമാണെന്ന് വ്യക്തമാക്കി. കാരണം അത് അസത്യവും കളവുമാണ്. കളവോ അസത്യമോ ഇസ്‌ലാമിക ശരീഅത്തിൽ കാണിച്ചു. അവന്റെ അടിമകൾ അത്തരം കാര്യങ്ങൾ ചെയ്യരുത്.

അതിനാൽ അല്ലാഹു നമ്മോട് പറയുന്ന നിങ്ങളുടേതെന്ന് നിങ്ങൾ അവകാശപ്പെടുന്ന ദത്തുപുത്രന്മാരെ അല്ലാഹു നിങ്ങളുടെ യഥാർഥ മക്കളാക്കിയിട്ടില്ല. കാരണം നിങ്ങളുടെ യഥാർഥ പുത്രന്മാർ നിങ്ങൾക്ക് ജനിച്ചവരും നിങ്ങളിൽ നിന്നുണ്ടായവരുമാണ്. എന്നാൽ ഈ ദത്തുപുത്രന്മാർ അവർ മറ്റുള്ളവരിൽ ജനിച്ചവരാണ്. അല്ലാഹു ഒരാളെ മറ്റൊരാളെപ്പോലെ ആക്കിയിട്ടില്ല.

(അത്) അതായത് ദത്തുപുത്രനെക്കുറിച്ച് നിങ്ങൾ പറയുന്ന കാര്യങ്ങൾ എന്റെ മകനാണെന്ന് അവകാശപ്പെടുന്നവന്റെ മകനായി കണക്കാക്കുക. അല്ലെങ്കിൽ അവൻ ഇന്നവന്റെ മകനെന്ന് പറയുക. (അതൊക്കെ വായകൊണ്ട് നിങ്ങൾ പറയുന്ന വാക്ക് മാത്രമാകുന്നു) വസ്തുതയോ അർഥമോ ഇല്ലാത്ത വാക്കുകൾ. (അല്ലാഹു സത്യം പറയുന്നു) അതായത് ഉറപ്പുള്ളതും സത്യവുമായത്. അതിനാൽ അവന്റെ വാക്കും നിയമവും പിന്തുടരാൻ അവൻ നിങ്ങളോട് നിർദേശിക്കുന്നു. കാരണം അവന്റെ വചനം സത്യമാണ്. അവന്റെ നിയമവും സത്യമാണ്. തെറ്റായ വാക്കുകളും പ്രവൃത്തികളും ഒരു തരത്തിലും അവനിൽ ആരോപിക്കാനാവില്ല. അത് അവനിൽനിന്ന് വന്ന മാർഗനിർദേശങ്ങളല്ല. അവൻ നേരായ പാതയിലേക്കും സത്യത്തിന്റെ വഴികളിലേക്കും മാത്രമെ നയിക്കുകയുള്ളൂ.

അതവന്റെ ഉദ്ദേശ്യപ്രകാരം സംഭവിച്ചതാണെങ്കിലും അവന്റെ ഉദ്ദേശ്യത്തിൽ നല്ലതും ചീത്തയുമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുന്നു.

5) അതിനാൽ അവൻ തെറ്റായ കാര്യങ്ങൾ ഉപേക്ഷിക്കണമെന്ന് വ്യക്തമായി പറയുന്നു. തെറ്റായ വാക്കും അതിൽപെടും. (നിങ്ങൾ അവരെ വിളിക്കുക) അതായത് ദത്തുപുത്രന്മാരെ. (അവരുടെ പിതാക്കളിലേക്ക് ചേർത്ത്) അവരെ ജനിപ്പിച്ച പിതാവിന്റെ പേരിൽ. (അതാണ് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നീതിപൂർവകമായിട്ടുള്ളത്) അതാണ് കൂടുതൽ ഉചിതം. കൂടുതൽ നീതിയും ശരിയും ആയിട്ടുള്ളത്. (ഇനി അവരുടെ പിതാക്കളെ നിങ്ങൾ അറിയില്ലെങ്കിൽ) അവരുടെ യഥാർഥ പിതാവ് ആരാണെന്ന്. (അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളുമാകുന്നു) അല്ലാഹുവിന്റെ മതത്തിൽ അവൻ നിങ്ങളുടെ സഹോദരന്മാരും ആത്മമിത്രങ്ങളുമാണ്. അതിനാൽ അവരെ വിശ്വാസത്തിൽ മിത്രങ്ങളെന്നും സഹോദരങ്ങളെന്നും വിളിക്കുക. അവരെ അവരുടെ വളർത്തു പിതാക്കൾക്ക് മക്കളാക്കുന്നത് നിർത്തേണ്ടത് അനിവാര്യമാണ്. അത് തെറ്റാണ്.

അവരെ അവരുടെ യഥാർഥ പിതാക്കന്മാരിലേക്ക് ചേർത്ത് വിളിക്കുമ്പോൾ അവരെ അറിയുമെങ്കിൽ അവരിലേക്കുതന്നെ ചേർത്ത് വിളിക്കണം. ഇനി അവർ അറിയപ്പെടുന്നവരല്ലെങ്കിൽ അവരെക്കുറിച്ച് അറിയാവുന്നതനുസരിച്ച് അവരെ വിളിക്കുന്നതിലേക്ക് നാം പരിമിതപ്പെടുത്തണം. അതായത്, അവർ വിശ്വാസത്തിലെ സഹോദരന്മാരും സഖ്യകക്ഷികളുമാണ്. പിതാക്കൾമാരെ അറിയില്ലെന്നത് നിങ്ങൾ ചെയ്യുന്ന പ്രവൃത്തിക്ക് ന്യായമല്ലാത്തത് ഉചിതമല്ല. അതിലൂടെ പ്രശ്നം പരിഹരിക്കാനാവില്ല. (അബദ്ധവശാൽ നിങ്ങൾ ചെയ്തുപോയതിൽ നിങ്ങൾക്ക് കുറ്റമില്ല) അതായത് ഒരാളെ ദത്തെടുത്തവനിലേക്ക് ചേർത്ത് വിളിക്കുന്ന നാക്കിൽ പിഴ സംഭവിച്ചാലോ, അതിന് പ്രശ്നമോ ശിക്ഷിക്കപ്പെടലോ ഇല്ല. അതല്ലെങ്കിൽ പിതാവാകുന്നത് ധരിച്ചു വിളിച്ചു. (പക്ഷേ,) നിങ്ങൾ ശിക്ഷിക്കപ്പെടും. (നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞുകൊണ്ടു ചെയ്തത്) അനുവദനീയമല്ലാത്ത സംസാരം. (അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു) അവൻ നിങ്ങളോട് ക്ഷമിക്കുകയും കരുണ കാണിക്കുകയും ചെയ്യും. കഴിഞ്ഞുപോയതിന് അവൻ ശിക്ഷിക്കുന്നില്ല. നിങ്ങൾക്ക് തെറ്റുപറ്റിയതിന് അവൻ മാപ്പ് തന്നു. അതിനെ ശരിയായ വിധി പറഞ്ഞുതന്ന് നിങ്ങളോട് കരുണ കാണിച്ചും നിങ്ങളുടെ ഇഹലോക ജീവിതവും പരലോക ജീവിതവും നന്നാക്കാൻ വേണ്ടി; അവനാണ് സ്തുതി. ■

ബിസ്മിത എം.
സൽസബീൽ അറബിക് കോളേജ്, വെങ്കിടങ്ങ്

# വിജയം അകലെയല്ല

ജനലഴികൾക്കിടയിലൂടെ തെറിച്ചുവീണ മഴത്തുള്ളികൾ അംനുവിന്റെ മിഴികളെ തുറപ്പിച്ചു. ഉച്ചമയക്കത്തിന്റെ ആലസ്യത്തോടെ എഴുന്നേറ്റ അവൾ ജനലിലൂടെ പുറത്തേക്കു നോക്കി, മഴ തിമർത്തു പെയ്യുകയാണ്. എത്ര വേഗമാണ് വരൾച്ചയും കൊടുംചൂടും മാറിക്കിട്ടിയത്! ഇങ്ങനെയൊക്കയല്ലേ മനുഷ്യന്റെ ജീവിതവും? അപ്രതീക്ഷിതമായി എന്തെല്ലാം മാറ്റങ്ങളാണ് ജീവിതത്തിൽ സംഭവിക്കുന്നത്! അവൾ ഓർത്തു.

ഒരു സാധാരണ കുടുംബത്തിൽ ജനിച്ച കുട്ടിയാണ് അംനു എന്ന അംന. അംനുവിന്റെ ഉപ്പ ഒരു മുഴുക്കുടിയനായിരുന്നു. അത് അവളെ വല്ലാതെ വേദനിപ്പിച്ചു. നേരാംവണ്ണം വിശപ്പുമാറാൻ ഭക്ഷണം കിട്ടാറില്ല. നല്ല വസ്ത്രമില്ല. സന്താനമായി ആകെയുള്ളത് ഒരു മകൾ മാത്രം; അവൾക്ക് ഈ ഗതി വന്നല്ലോ എന്നോർത്ത് അംനുവിന്റെ ഉമ്മ കരയാത്ത ദിവസങ്ങളില്ലായിരുന്നു.

ഒരുദിവസം രാവിലെ സ്കൂളിലേക്ക് പോകാനൊരുങ്ങവെ അംനു ഉമ്മയോട് പറഞ്ഞു: "ഉമ്മാ, ഇന്ന് സ്കൂളിൽ കളർ ഡ്രസ്സ് ഇടാൻ അനുമതിയുള്ള ദിവസമാണ്. എന്നും യൂണിഫോം ഇട്ട് മടുത്തു. ഇന്ന് ഞാൻ കളർ ഡ്രസ്സ് ഇട്ടോട്ടെ?"

ഉമ്മ മറുപടിയൊന്നും പറയാതെ, അവൾക്ക് നല്ലതെന്നു പറയാൻ ആകെയുണ്ടായിരുന്ന ഡ്രസ്സ് എടുത്തുകൊടുത്തു. ആ ഡ്രസ്സുമിട്ട് അവൾ സ്കൂളിലേക്ക് പോയി. മറ്റു കുട്ടികളെല്ലാം വളരെ നല്ല വസ്ത്രങ്ങളണിഞ്ഞാണ് വന്നിരുന്നത്. അവർക്കിടയിൽ അവളുടെ വസ്ത്രം പഴയതായി തോന്നിക്കുന്നതും ഫാഷനല്ലാത്തതുമായിരുന്നു. പലരും അവളെ കളിയാക്കാൻ മടിച്ചില്ല.

അന്ന് ടീച്ചർ ഓരോരുത്തരോടും ഭാവിയിൽ ആരാകാനാണ് ആഗ്രഹം എന്ന് ചോദിച്ചു. ഡോക്ടർ, എഞ്ചിനീയർ, പൈലറ്റ്... എന്നിങ്ങനെ ഓരോരുത്തരും മറുപടി പറഞ്ഞു. അംനുവിന്റെ അവസരം വന്നപ്പോൾ അവൾ പറഞ്ഞു: "എനിക്ക് മാതൃകായോഗ്യയായ, ലോകർക്ക് സേവനം ചെയ്യുന്ന ഒരു വ്യക്തിയാവണം. കഴിയുമെങ്കിൽ ഐഎഎസ് നേടി കളക്ടറാകണം."

അവളുടെ മറുപടി കേട്ടതും അടുത്തിരുന്ന പണക്കാരിയായ ഫിദ കളിയാക്കാൻ തുടങ്ങി. 'മാറ്റിയുടുക്കാൻ നല്ല വസ്ത്രം പോലുമില്ലാത്ത നീയാണോ കളക്ടറാന്നത്, നല്ല കഥ' അവൾ അംനുവിനോട് ശബ്ദം താഴ്ത്തിപ്പറഞ്ഞു.

മറ്റാരും പ്രകടിപ്പിക്കാത്ത ഈ ആഗ്രഹം കേട്ട് ടീച്ചർ അവളെ അരികിലേക്കു വിളിച്ചു. ടീച്ചർക്കും താൻ പറഞ്ഞത് ഇഷ്ടമായില്ലേ എന്ന ശങ്കയോടെ അവൾ എഴുന്നേറ്റു ചെന്നു. ടീച്ചർ അവളെ ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു: "അംനു മോളേ, നിന്റെ ആഗ്രഹം പ്രശംസനീയമാണ്. നീ ജീവിതത്തിൽ വിജയിക്കും, വിജയിക്കണം." ആ വാക്കുകൾ അവൾക്ക് അതിരില്ലാത്ത ആശ്വാസം നൽകി.

അന്നു രാത്രി അവൾ ഉമ്മയോടു ചോദിച്ചു: "ഉമ്മാ, എന്നാണ് നമ്മുടെ വിഷമങ്ങൾ അവസാനിക്കുക?" ഉമ്മ സങ്കടം കലർന്ന ചെറുപുഞ്ചിരിയോടെ പറഞ്ഞു: "അതിനൊന്നും ഇവിടെ ഒരു അവസാനവും ഇല്ലായിരിക്കും മോളേ, പരലോകത്തെ സമാധാനത്തിലാണ് പ്രതീക്ഷ."

ഉമ്മാന്റെ വാക്കുകൾ അവളെ കരയിക്കുകയും ഒപ്പം സന്തോഷിപ്പിക്കുകയും ചെയ്തു. പടച്ചവനിലുള്ള ഉറച്ച വിശ്വാസവും പ്രാർഥനയും തനിക്ക് രക്ഷയുടെ മാർഗം തുറന്നുതരുമെന്ന് അവൾ പ്രതീക്ഷിച്ചു. അത് അവൾക്ക് കൂടുതൽ കരുത്തു പകർന്നു. പഠനത്തിൽ മികവു പുലർത്താൻ കഠിനമായി പ്രയത്നിച്ചു.

കാലചക്രം ആരെയും കാത്തുനിൽക്കാതെ കറങ്ങിക്കൊണ്ടിരുന്നു. അതിനൊപ്പം കുട്ടികൾ വളർന്നു. പത്താം ക്ലാസ്സും പ്ലസ് ടുവും കഴിഞ്ഞു. ഉന്നത പഠനത്തിനായി പണമുള്ളവർ പല നാടുകളിലേക്കും പറന്നു. നല്ല മാർക്കോടെ ജയിച്ചെങ്കിലും വിദ്യനേടാൻ വലിയ പണച്ചെലവുള്ള ഇക്കാലത്ത് തന്റെ സ്വപ്നങ്ങൾ വാടിക്കൊഴിയുമോ എന്ന് അംന ഭയന്നു. ആരുടെയും സഹായം തേടി അവൾ പോയില്ല. പ്ലസ് ടുവിന് ഉന്നത മാർക്കു കിട്ടിയതിന് ചില സമ്മാനങ്ങളൊക്കെ പല സംഘടനകളിൽനിന്നായി കിട്ടി എന്നല്ലാതെ അവസ്ഥ കണ്ടറിഞ്ഞ് സഹായിക്കാൻ ആരുമുണ്ടായില്ല.

*(തുടരും)*



മൂസ സ്വലാഹി കാര
: 97473 45768

മതവിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് നേടിയിട്ടില്ലാത്തവരും ഓരോ പ്രശ്നത്തെയും പ്രമാണങ്ങൾ മുൻനിർത്തി ചർച്ച ചെയ്യാനുള്ള പ്രാപ്തിയില്ലാത്തവരും തങ്ങളുടെ ബുദ്ധിക്കും യുക്തിക്കും ഉൾക്കൊള്ളാനാകുന്ന മതകാര്യങ്ങളേ സ്വീകരിക്കുകയുള്ളൂ എന്ന് ശഠിക്കുന്നവരും പണ്ഡിത പദവി അലങ്കരിക്കുകയും പ്രബോധനം നടത്തുകയും ചെയ്യുന്നത് മതപ്രബോധന മേഖലയിൽ വലിയ ആഘാതമുണ്ടാക്കുന്നതാണ്. ഈ വിഭാഗത്തിൽ പെടുന്നവരുടെ ഒരു കൂട്ടായ്മയായി മർക്കസുദ്ദഅ്‌വ വിഭാഗം മാറിയിരിക്കുന്നു എന്നത് അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നവർക്ക് തിരിച്ചറിയാനാകും.

മതവിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് നേടിയിട്ടില്ലാത്തവരും ഓരോ പ്രശ്നത്തെയും പ്രമാണങ്ങൾ മുൻനിർത്തി ചർച്ച ചെയ്യാനുള്ള പ്രാപ്തിയില്ലാത്തവരും തങ്ങളുടെ ബുദ്ധിക്കും യുക്തിക്കും ഉൾക്കൊള്ളാനാകുന്ന മതകാര്യങ്ങളേ സ്വീകരിക്കുകയുള്ളൂ എന്ന് ശഠിക്കുന്നവരും പണ്ഡിത പദവി അലങ്കരിക്കുകയും പ്രബോധനം നടത്തുകയും ചെയ്യുന്നത് മത പ്രബോധന മേഖലയിൽ വലിയ ആഘാതമുണ്ടാക്കുന്നതാണ്. ഈ വിഭാഗത്തിൽ പെടുന്നവരുടെ ഒരു കൂട്ടായ്മയായി മർക്കസുദ്ദഅ്‌വ വിഭാഗം മാറിയിരിക്കുന്നു എന്നത് അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നവർക്ക് തിരിച്ചറിയാനാകും.

ചില സമയങ്ങൾക്കും സ്ഥലങ്ങൾക്കുമൊക്കെ അല്ലാഹു പ്രത്യേകതയും മഹത്ത്വവും നൽകിയതായി പ്രമാണങ്ങൾ പഠിപ്പിക്കുന്നു.



# പ്രമാണവചനങ്ങളെ യുക്തിയുടെ മൂശയിൽ വാർത്തെടുക്കുകയോ?

അതുപോലെതന്നെ സംസം വെള്ളം, അജ്‌വ കാരക്ക പോലുള്ള ചില വസ്തുക്കൾക്കും സവിശേഷത കൽപിച്ചതായി കാണാം. അത് അവയ്ക്ക് സ്വമേധയാ ഗുണമോ ദോഷമോ വരുത്താനുള്ള വല്ല കഴിവും ഉണ്ടെന്നു വിശ്വസിക്കാനല്ല. ചില പ്രയാസങ്ങളെ പരിഹരിക്കാനുള്ള മരുന്നായി അവയെ അല്ലാഹു കാരണമാക്കിയിരിക്കുന്നു എന്നതാണ് വസ്തുത. മരുന്ന് കഴിച്ചാലും ചില രോഗങ്ങൾ ഭേദമാകാത്ത പോലെതന്നെ അല്ലാഹു ഉദ്ദേശിക്കാത്തപക്ഷം അവകൊണ്ടും ഫലം കാണണമെന്നില്ല.

അപ്രകാരം അല്ലാഹു മഹത്ത്വം കൊടുത്ത ഒന്നാണ് അജ്‌വ കാരക്ക. ഇതിനെ കുറിച്ച് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടത് അംഗീകരിക്കുന്നവരും അതിനെ അവജ്ഞയോടെ കണ്ടവരും എക്കാലത്തും ഉണ്ടായിട്ടുണ്ട്. മർക്കസുദ്ദഅ്‌വ പ്രസിദ്ധീകരണമായ ശബാബ് 2024 ഒക്ടോബർ 24 ലക്കത്തിൽ 'അജ്‌വ കാരക്കയും വിഷബാധയും' എന്ന പേരിൽ വന്ന കുഴിപ്പുറം സുല്ലമിയുടെ ലേഖനം അജ്‌വയുടെ ശ്രേഷ്ഠതയെ നിഷേധിക്കുന്നതും കുറെ തെറ്റുധാരണകൾ പരത്തുന്നതുമാണ്. മുജാഹിദ് പാരമ്പര്യം അവകാശപ്പെടാൻ തങ്ങളാലാകുംവിധമെല്ലാം പ്രചാരവേല ചെയ്യുന്നവർ ഇത്തരം നിഷേധങ്ങളിൽ ആരുടെ പാരമ്പര്യമാണ് പിന്തുടരുന്നതെന്ന് മുജാഹിദുകളും അല്ലാത്തവരും തിരിച്ചറിയുന്നുണ്ട്.

### അജ്‌വയുടെ മഹത്ത്വങ്ങൾ

സഅ്ദ് ബിൻ അബീവക്വാസ്(റ)വിൽനിന്ന്; നബി(സ്വ) പറഞ്ഞതായി ഞാൻ കേട്ടു: "ഒരാൾ പ്രഭാതത്തിൽ ഏഴ് അജ്‌വ കാരക്ക തിന്നാൽ ആ ദിവസം അവന് വിഷം, സിഹ്റ് എന്നിവയാൽ ഉപദ്രവമേൽക്കുകയില്ല" (ബുഖാരി, മുസ്‌ലിം).

ഇത് മദീനയിലെ കാരക്കയാണെന്നും മസ്ജിദുന്നബവിയുടെ തെക്കുഭാഗത്ത് കൃഷിചെയ്തുണ്ടാക്കിയതാണെന്നും സ്വർഗത്തിലേതാണെന്നും വെറും വയറ്റിൽ ഏഴെണ്ണം കഴിക്കണമെന്നും ശമനമുണ്ടെന്നും ഇമാമുമാരായ ബുഖാരി(റഹി), മുസ്‌ലിം(റഹി), തിർമുദി(റഹി), അഹ്മദ്(റ), നസാഈ(റഹി) എന്നിവരെല്ലാം ഉദ്ധരിച്ച ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുമുണ്ട്. ഈ ഹദീസുകളെയെല്ലാം മർക്കസുദ്ദഅ്‌വക്കാർ നിരാകരിക്കുന്ന രീതി കാണുക:

"ഇത്തരം ശ്രേഷ്ഠത സ്ഥാപിക്കുന്ന ഹദീസുകളെ വിശകലനം ചെയ്യുന്നത് ഹദീസ് നിഷേധമായി കാണാൻ പറ്റുകയില്ല" (ശബാബ്, 2024 ഒക്ടോബർ 25, പേജ് 36).

നിഷേധം എന്ന് പ്രയോഗിച്ചാൽ തങ്ങളുടെ തനിനിറം പുറത്താകുമെന്ന പേടികൊണ്ടാകാം 'വിശകലനം' എന്ന പദം ലേഖകൻ ഉപയോഗിച്ചത്. ഇവർ നടത്തുന്നത് വിശകലനമല്ല; നിഷേധം തന്നെയാണ്. അജ്‌വ കാരക്കയു

ടെ ശ്രേഷ്ഠതകളെ മുഴുവനായും ഇവർ തള്ളുന്നു എന്നതാണിവിടെ തെളിയുന്നത്. ഇതൊരിക്കലും യഥാർഥ മുജാഹിദുകളുടെ സ്വഭാവമല്ല.

ഇസ്‌ലാമിന്റെ ശത്രുക്കളായ ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാമിക പ്രമാണങ്ങളുടെ കടുത്ത വിമർശകരായിരുന്നു. അത്തരക്കാർക്കെതിരെ പ്രാമാണികമായി പടവെട്ടിയ പണ്ഡിതരിൽ പ്രമുഖനാണ് ഡോ. മുസ്തഫസ്സിബാഈ(റഹി). മുഹമ്മദ് അബൂ റയ്യ എന്ന ഓറിയന്റലിസ്റ്റിന്റെ ജൽപനങ്ങൾക്ക് 1949ൽ അദ്ദേഹം അക്കമിട്ട് മറുപടി നൽകിയ ഗ്രന്ഥമാണ് 'മകാനതുസ്സുന്ന ഫീ തശ്‌രീഹിൽ ഇസ്‌ലാം.' ഇത് ആവർത്തിച്ചു വായിച്ച് അതിന്റെ മൂല്യം മനസ്സിലാക്കിയ അമാനി മൗലവി(റഹി) 1973 നവംബറിൽ 'നബിചര്യയും ഇസ്‌ലാം ശരീഅത്തിൽ അതിന്റെ സ്ഥാനവും' എന്ന പേരിൽ അത് പരിഭാഷപ്പെടുത്തുകയും കെഎൻഎം പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

1986 ഏപ്രിൽ മാസത്തിൽ പുറത്തിറക്കിയ അതിന്റെ രണ്ടാം പതിപ്പ് പേജ് 243ൽ അജ്‌വ കാരക്കയുടെ സവിശേഷത പറയുന്ന ഹദീസിനെക്കുറിച്ച് എഴുതിയത് കാണുക: "അപ്പോൾ ബുദ്ധിപരമായി നോക്കുമ്പോൾ ഒരു നിലയ്ക്കും ഈ ഹദീസിനെ പുറംതള്ളുവാൻ ന്യായമില്ല. അജ്‌വത്തിന്റെ ഈ പ്രത്യേകഗുണം കണ്ടുപിടിക്കുവാൻ ആധുനിക വൈദ്യശാസ്ത്രത്തിന്നു ഇതുവരെ കഴിഞ്ഞിട്ടില്ലെന്നുവെച്ച് (ഒരു പക്ഷേ, അടുത്ത ഭാവിയിൽ കഴിഞ്ഞെന്നു വരുകയും ചെയ്തേക്കും) അതിന്നു മുതിരുന്നതു അവിവേകവും മൗഢ്യവുമാകുന്നു. സകല രോഗങ്ങളെക്കുറിച്ചും എല്ലാ ഭക്ഷണപാനീയങ്ങളെക്കുറിച്ചും മുഴുവൻ സസ്യവർഗ്ഗങ്ങളെക്കുറിച്ചും ഇനിയൊന്നും ബാക്കിയില്ലാത്തവിധം

> അജ്‌വയെപ്പറ്റി പറഞ്ഞത് ഭൗതികമായ അഭിപ്രായമായിട്ടല്ല; സ്പഷ്ടമായ വഹ്‌യിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതുതന്നെയാണ്. ഒരു കാര്യത്തെ എതിർക്കാൻ തെളിവ് നിരത്തുമ്പോൾ അതിന് പറ്റിയതാണോ എന്നെങ്കിലും നോക്കേണ്ടിയിരുന്നു! പരാഗണ വിഷയത്തിൽ പ്രവാചകൻ(സ്വ) പറഞ്ഞതും ഇതും തമ്മിൽ ഏത് നിലക്കുള്ള ബന്ധമാണുള്ളത്? ബുദ്ധി ഉപയോഗിക്കണമെന്ന് എപ്പോഴും പറയുന്ന ഇവർക്ക് ഇതിലൊന്നും അത് വേണ്ട എന്നാണോ?

എല്ലാ കാര്യങ്ങളും ആധുനിക വൈദ്യശാസ്ത്രം പഠിച്ചുകഴിഞ്ഞിരിക്കുമോ? ഒരിക്കലുമില്ല!".

### നിഷേധത്തിനുവേണ്ടി തട്ടിപ്പുകൾ

ഹദീസിനെ നേരിട്ട് വെട്ടാൻ കഴിയാതെ വന്നപ്പോൾ കുറുക്കുവഴിയിലൂടെ ലേഖകൻ അത് സാധിച്ചെടുക്കുന്നത് കാണുക: "ഈ ഹദീസിനെ ഇബ്നു ഹജർ(റ) വ്യാഖ്യാനിക്കുന്നു: ഈ ഹദീസിന്റെ പരമ്പരയിൽ വിശ്വാസയോഗ്യനല്ലാത്ത അഹ്മദിബ്നു ബശീർ അബൂബക്കർ എന്ന വ്യക്തിയുണ്ട്. ഉസ്മാനു ദാരിമി ഇബ്നു മഈനിൽനിന്നു ഇപ്രകാരം ഉദ്ധരിക്കുന്ന ഈ ഹദീസ് ഒഴിവാക്കപ്പെടേണ്ടതാണ്" (പേജ് 36).

ഇബ്നു ഹജർ(റഹി) പറയാത്തത് അദ്ദേഹത്തിന്റെ മേൽ ചാർത്തിയും ഇബ്നു മഈൻ(റഹി) തള്ളപ്പെടേണ്ടതെന്നു പറഞ്ഞത് എന്തു കാരണത്താലാണെന്നു വ്യക്തമാക്കാതെയുമാണ് ഇപ്രകാരം എഴുതി വിട്ടിരിക്കുന്നത്. ഫത്ഹുൽ ബാരിയിൽ യഥാർഥത്തിലുള്ളത് എന്താണെന്ന് വായിക്കാം:

"അവസാനമായി ഇമാം ഖത്വീബുൽ ബാഗ്ദാദി(റഹി) പറയുന്നു: 'ഉസ്മാൻ അദ്ദാരിമിക്ക് അബൂ ജഅ്ഫർ എന്ന് സ്ഥാനപ്പേരുള്ള മറ്റൊരു അഹ്മദ് ബിൻ ബശീറിൽ ആശയക്കുഴപ്പമുണ്ടായതാണ്. അതാണ് ഇമാം ബുഖാരി അദ്ദേഹത്തിന്റെ പരമ്പരയിൽ കൊണ്ടുവന്ന റാവിയെ വേർതിരിക്കുന്ന നാമമായ 'അബൂബക്ർ' എന്നത് പ്രത്യേകം കൊടുത്തതിലെ രഹസ്യം" (ഫത്ഹുൽ ബാരി, വാള്യം 10, പേജ് 288). ഇക്കാര്യം മറച്ചുവെക്കുകയല്ലാതെ ശബാബ് ലേഖകന്റെ മുമ്പിൽ വഴികളില്ലല്ലോ.

മറ്റൊരു ഭീമമായ കബളിപ്പിക്കൽ കൂടി കാണുക: "അജ്‌വ കാരക്ക എല്ലാ വിഷത്തിനും പറ്റുന്നതല്ല എന്നും അഭിപ്രായമുണ്ട്. ഇബ്നു ഹജർ(റ) പറയുന്നു: 'ഇത് വയറ്റിൽ രോഗാണു ഉണ്ടാക്കുന്ന ചില വിഷത്തിനു മാത്രമെ ശമനം നൽകൂ. എല്ലാ വിഷത്തിനും പറ്റുന്നതല്ല എന്ന സൂചനയും അദ്ദേഹം (ബുഖാരി)

നൽകുന്നുണ്ട്.' ഇബ്നു ഹജർ(റ) ചോദിക്കുന്നു: അത്(അജ്വ കാരക്ക) സിഹ്റിനെ എന്ത് ചെയ്യാനാണ്?" (പേജ് 36,37).

ഇബ്നുൽ ഖയ്യിം(റഹി) ഹദീസിൽ വന്ന വിഷം വയറ്റിൽ പുഴുക്കളുണ്ടാക്കുന്നതാണ്; അല്ലാതെ എല്ലാ വിഷവുമല്ല എന്ന് പ്രത്യേകമാക്കി പറഞ്ഞതിനെയാണ് ഇമാം ബുഖാരി(റ)യുടെ മേൽ വെച്ചുകെട്ടിയത്. അതിനെ വിശദീകരിച്ച ഇബ്നു ഹജർ(റഹി)യുടെ വാക്കിനെക്കുറിച്ച് തെറ്റുധാരണ പരത്തി വായനക്കാരെ തിരിപ്പിക്കുന്നതിന്റെ ശരി എന്താണെന്ന് ഫത്ഹുൽ ബാരിയിൽനിന്നുതന്നെ വായിക്കാം:

"എന്നാൽ ഹദീസിന്റെ സന്ദർഭം തേടുന്നത് പൊതുവായ കാര്യമാണ്. മാരണം ബാധിക്കില്ല എന്ന് പറഞ്ഞതിൽ ഏത് എന്നില്ല. വിഷത്തിന്റെ കാര്യത്തിൽ പ്രത്യേകത സങ്കൽപിച്ചാൽ സിഹ്റിൽ എന്ത് ചെയ്യും?" (വാള്യം 10, പേജ് 279). ലേഖകൻ ആഗ്രഹിച്ചതിനനുസരിച്ച് ഇതിൽനിന്ന് തോണ്ടിയെടുക്കാൻ കാണിച്ച സാമർഥ്യം സത്യം തുറന്നെഴുതാൻ കാണിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

### കളവു പറഞ്ഞ് നിരസിക്കുന്നു

ശൈത്വാന്റെ ഉപദ്രവവുമായി ബന്ധപ്പെട്ട് പ്രമാണങ്ങൾ പഠിപ്പിച്ച ഓരോന്നിനോടും വെറുപ്പ് പ്രകടിപ്പിച്ച് നടക്കുന്ന ഇക്കൂട്ടരുടെ കണ്ടെത്തൽ കാണുക: "പിശാചിന്റെ ശർറ് തടുക്കാൻ ഖുർആൻ കൊണ്ടു മാത്രമെ സാധിക്കൂ"(പേജ് 37).

മന്ത്രമായും അഭയതേട്ടമായും നബി(സ്വ) പഠിപ്പിച്ച നിരവധി പ്രാർഥനകളെയാണ് ഈ വരിയിലൂടെ ലേഖകൻ തട്ടിക്കളയുന്നത്. സൂറഃ അൽഅഅ്റാഫിലെ 200, 201 ആയത്തുകൾ അതിനായി ലേഖകൻ ദുർവ്യാഖ്യാനിക്കുകയും ചെയ്തു. തെറ്റായ വാദത്തിന് തെളിവാക്കിയ ഈ വചനങ്ങൾവരെ അദ്ദേഹത്തിന് മറുപടിയാണെന്നത് പോലും ചിന്തിക്കാതെയാണ് ഈ പണി കാണിച്ചിരിക്കുന്നത്. '(അല്ലാഹുവെപ്പറ്റി) ഓർമവരുന്നതാണ്' എന്ന ഭാഗം വിശദീകരിക്കവെ ഇബ്നു കസീർ (റഹി) പല പ്രാർഥനകളും അവിടെ ചേർത്തിട്ടുണ്ട്.

ലേഖകന്റെ മറ്റൊരു കളവ് കാണുക: "നിശ്ചയം അജ്വ കാരക്ക സ്വർഗത്തിലെ പഴത്തിൽ പെട്ടതാണ്' (അഹ്മദ് -മുസ്നദ്). ഈ റിപ്പോർട്ട് നാസിറുദ്ദീൻ അൽബാനി(റഹി) സ്വഹീഹാക്കിയിട്ടുണ്ടെങ്കിലും ഹദീസ് നിദാനശാസ്ത്ര പ്രകാരം സ്വഹീഹല്ല. ഭൂരിപക്ഷ മുസ്‌ലിം പണ്ഡിതന്മാർ നിർമിതമോ ദുർബലമോ ആക്കിയ പല ഹദീസുകളെയും അൽബാനി(റ) സ്വഹീഹാക്കിയിട്ടുണ്ട്. ഈ ഹദീസ് ശാദ്ദും ഖുർആൻ വിരുദ്ധവുമാണ്. സ്വർഗത്തിലെ ഒരു വിഭവവും ദുനിയാവിൽ കാണുന്നതല്ല എന്നാണ് അല്ലാഹുവും റസൂ ലും പഠിപ്പിക്കുന്നത്"(പേജ് 25).

കഴമ്പില്ലാത്ത ആരോപണങ്ങളുമായി ശൈഖ് അൽബാനി(റ)യെ പോലുള്ള ഒരു മഹാപണ്ഡിതനെ വിമർശിക്കാനുള്ള അർഹത ലേഖകനുണ്ടോ എന്നത് മർക്കസ്സുദ്ദഅ്വക്കാർ ആലോചിക്കട്ടെ! അദ്ദേഹത്തിന്റെ അറിവും പ്രാവീണ്യവും ഉപയോഗപ്പെടുത്തി നബിചര്യയുടെ വിഷയത്തിൽ ആത്മാർഥമായി ചെയ്ത സേവനങ്ങൾക്ക് നേരെയാണീ നിന്ദ്യത. ഹദീസിന്റെ പരമ്പര സ്വീകാര്യയോഗ്യമാണെന്ന് ഉറപ്പ് വരുത്തിയി ട്ടാണ് അത് സ്വഹീഹാണെന്ന നിലപാട് അദ്ദേഹം കൈക്കൊള്ളുക.

ഭൂരിപക്ഷ പണ്ഡിതന്മാരെ ഇതിൽ പ്രതികളാക്കി എന്നതും സ്വർഗത്തിൽ നിന്നാണെന്നതിന്റെ താൽപര്യം അത് ക്ഷീണവും പ്രയാസവും നീക്കുമെന്നാണെന്നതും; ഗുണം, പുണ്യം എന്നിവയിൽ പ്രത്യേകമാണെന്നതും പണ്ഡിത

തെറ്റായ ആശയങ്ങൾ സ്ഥാപിക്കാൻ ഇവർ പ്രസിദ്ധമായ ഗ്രന്ഥങ്ങളെ ദുരുപയോഗം ചെയ്യുന്നു. എന്നാൽ, ഓരോന്നിന്റെയും പൊരുളറിയാൻ അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നവരെ അടച്ചാക്ഷേപിക്കുകയും ചെയ്യുന്നു. ഇതാണ് ശുദ്ധ ഇരട്ടത്താപ്! അബദ്ധം സംഭവിച്ചുപോയാൽ തിരുത്തുക എന്നതാണ് വിശ്വാസിക്ക് കരണീയം. മർകസുദ്ദഅ്വക്കാർ അനുയായികളെ പ്രമാണ നിഷേധത്തിൽനിന്ന് തടയണം. അതിനുവേണ്ടത് തെറ്റുകൾ തിരുത്തുക എന്നതാണ്.

ന്മാർ വിശദീകരിച്ചത് മനസ്സിലാക്കാത്തതും ഇദ്ദേഹത്തിന്റെ അജ്ഞത യെ തുറന്ന് കാണിക്കുന്നുണ്ട്.

വഹ്‌യിന്റെ അടിസ്ഥാനത്തിലാണ് നബി(സ്വ) അജ്‌വയുടെ മഹത്ത്വം പഠിപ്പിച്ചത് എന്നിരിക്കെ അതിനെ ലബോറട്ടറി പരിശോധനകൾക്ക് വിധേയമാക്കണമെന്നും അവിടുന്ന് പറഞ്ഞത് കേവല ഭൗതിക അഭി പ്രായമാണെന്നും പറയാൻ ലേഖകൻ തുനിഞ്ഞത് കാണാം. ഈന്ത പ്പഴത്തിന്റെ പരാഗണം സംബന്ധിച്ച് 'അത് പ്രയോജനം ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല' എന്ന് പ്രവാചകൻ(സ്വ) പറഞ്ഞതിനെ സൂചിപ്പി ച്ചുകൊണ്ട് അദ്ദേഹം എഴുതിയത് നോക്കൂ: "ഇതിൽനിന്നു മനസ്സിലാ ക്കേണ്ട കാര്യം, നബി(സ) ഭൗതികമായി തന്റെ അഭിപ്രായം വല്ല വിഷ യത്തിലും പറഞ്ഞാൽ അത് പ്രയോജനം ചെയ്യുമെങ്കിൽ സ്വീകരിച്ചാൽ മതി. മതപരമായി വല്ലതും കൽപിക്കുന്നപക്ഷം അത് നിർബന്ധവുമാ ണ്" (പേജ് 38).

അജ്‌വയെപ്പറ്റി പറഞ്ഞത് ഭൗതികമായ അഭിപ്രായമായിട്ടല്ല; സ്പഷ്ട മായ വഹ്‌യിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതുതന്നെയാണ്. ഒരു കാ ര്യത്തെ എതിർക്കാൻ തെളിവ് നിരത്തുമ്പോൾ അതിന് പറ്റിയതാണോ എന്നെങ്കിലും നോക്കേണ്ടിയിരുന്നു! പരാഗണ വിഷയത്തിൽ പ്രവാച കൻ(സ്വ) പറഞ്ഞതും ഇതും തമ്മിൽ ഏത് നിലക്കുള്ള ബന്ധമാണു ള്ളത്? ബുദ്ധി ഉപയോഗിക്കണമെന്ന് എപ്പോഴും പറയുന്ന ഇവർക്ക് ഇതിലൊന്നും അത് വേണ്ട എന്നാണോ?

കരിഞ്ചീരകത്തിന്റെ മഹത്ത്വം പറയുന്ന ഹദീസിനെയും ലേഖകൻ നിഷേധിക്കുന്നത് കാണുക: "കരിഞ്ചീരകത്തിന്റെ ഹദീസ് ബുഖാരി യും മുസ്‌ലിമും സംയുക്തമായി ഉദ്ധരിച്ചതാണ്. അത് വഹ്‌യിൽ പെ ട്ടതല്ല" (പേജ് 38).

വല്ലാത്തൊരു വിചിത്ര വാദം തന്നെയാണിത്! രണ്ട് ഇമാമുമാരും ഉദ്ധരിച്ച ഹദീസ്, ഏറ്റവും സ്വീകാര്യമായ പരമ്പര. എന്നിട്ടും അതിനെ പ്രവാചകന്റെ സ്വന്തം അഭിപ്രായമെന്ന് വിശേഷിപ്പിക്കുന്നു. അതിനു തെളിവെന്ത്? സ്വന്തം ദുർബുദ്ധിതന്നെ!

എന്തിനേറെ പറയുന്നു; ക്വുർആൻ ശമനമാണെന്ന് പറഞ്ഞ തേ നിന്റെ കാര്യവും അപ്പടി അംഗീകരി ക്കാൻ ലേഖകന്റെ 'മഹാബുദ്ധി' സമ്മതിക്കുന്നില്ല! "കരിഞ്ചീരകം മരണമൊഴിച്ചുള്ള എല്ലാ രോഗങ്ങൾ ക്കും ശമനമാണെന്ന് ഖുർആനിൽ പറഞ്ഞിട്ടില്ല. ആകെ ശമനമുണ്ടെ ന്ന് പറഞ്ഞത് തേനിനെ സംബന്ധിച്ച് മാത്രമാണ്. അതും ഇന്ന രോഗ ത്തിന് ശിഫയാണെന്ന് പറഞ്ഞിട്ടില്ല. പ്രമേഹക്കാർക്ക് തേൻ കഴിച്ചാൽ ഷുഗർ വർധിക്കും" (പേജ് 38).

ക്വുർആനിൽ വ്യക്തമായി വന്നൊരു കാര്യത്തെ നിഷേധിക്കാൻ ഇങ്ങനെ സംശയമുണ്ടാക്കുന്നതുതന്നെ നിഷേധമാണ്!

'അജ്‌വ കാരക്ക തിന്ന് വരൂ, എന്നിട്ട് ഞാൻ തരുന്ന വിഷം കഴിക്കാൻ തയ്യാറുണ്ടോ, വിഷമേൽക്കില്ല എന്നല്ലേ നിങ്ങളുടെ വാദം' എന്ന് വെ ല്ലുവിളിക്കുന്ന മർകസുദ്ദഅ്‌വക്കാരുണ്ട്. പ്രമാണങ്ങളോടുള്ള വെല്ലു വി ളിയാണിത്. 'അല്ലാഹുവിനോട് പ്രാർഥിച്ചാൽ ഉത്തരം കിട്ടും എന്നല്ലേ നിങ്ങൾ പറയുന്നത്; എങ്കിൽ ഈ സ്റ്റേജ് പൊളിഞ്ഞുവീഴാൻ നിങ്ങൾ അല്ലാഹുവിനോടൊന്നു പ്രാർഥിക്കൂ, പൊളിഞ്ഞുവീഴുന്നത് ഞങ്ങ ളൊന്ന് കാണട്ടെ' എന്ന്, അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്നതാ ണ് ഉത്തമമെന്ന് വിശ്വസിക്കുന്ന ഒരു മുസ്‌ലിയാർ പ്രസംഗിച്ചതായി കണ്ടിട്ടുണ്ട്. മർകസുദ്ദഅ്‌വക്കാർക്ക് എന്തു മറുപടിയാണിതിന് പറ യാനു ള്ളത്? രണ്ടുകൂട്ടരുടെയും ചോദ്യങ്ങൾ സമാനമല്ലേ?

എന്നാൽ ഇത്തരം നിഷേധാത്മക ചോദ്യങ്ങൾ യഥാർഥ മുജാഹിദുകൾ ചോദിക്കില്ല. അല്ലാഹുവിന്റെ തീരുമാനമനുസരിച്ചേ എന്തും സംഭവിക്കുകയുള്ളൂ. എപ്പോൾ, എങ്ങനെ, എവിടെവെച്ച്, ആർക്ക് എന്നൊക്കെ അവനാണ് തീരുമാനിക്കുന്നത്.

ജൂതന്മാർക്ക് വിശ്വാസികളോടുണ്ടായിരുന്ന അസൂയനിമിത്തം അവർ സ്വയം പിഴക്കുകയും നാശം അവരെ വിഴുങ്ങുകയുമായിരുന്നു. അവരുടെ കുഴപ്പങ്ങളെ കുറിച്ച് ക്വുർആൻ പറയുന്നു: "വേദക്കാരിൽ ഒരു വിഭാഗം, നിങ്ങളെ വഴിതെറ്റിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് കൊതിക്കുകയാണ്. യഥാർഥത്തിൽ അവർ വഴിതെറ്റിക്കുന്നത് അവരെത്തന്നെയാണ്. അവരത് മനസ്സിലാക്കുന്നില്ല. വേദക്കാരേ, നിങ്ങളെന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടികലർത്തുകയും അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യുന്നത്?" (3:70,71).

ഇപ്പറഞ്ഞ 'അസുഖങ്ങൾ' പിടിപെട്ടാൽ പിന്നെ രക്ഷയില്ല. തെറ്റായ ആശയങ്ങൾ സ്ഥാപിക്കാൻ ഇവർ പ്രസിദ്ധമായ ഗ്രന്ഥങ്ങളെ ദുരുപയോഗം ചെയ്യുന്നു. എന്നാൽ, ഓരോന്നിന്റെയും പൊരുളറിയാൻ അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നവരെ അടച്ചാക്ഷേപിക്കുകയും ചെയ്യുന്നു. ഇതാണ് ശുദ്ധ ഇരട്ടത്താപ്പ്!

അബദ്ധം സംഭവിച്ചുപോയാൽ തിരുത്തുക എന്നതാണ് വിശ്വാസിക്ക് കരണീയം. മർകസുദ്ദഅ്‌വക്കാർ അനുയായികളെ പ്രമാണനിഷേധത്തിൽനിന്ന് തടയണം. അതിനുവേണ്ടത് തെറ്റുകൾ തിരുത്തുക എന്നതാണ്.

വിവ. അബ്ദുൽ ജബ്ബാർ മദീനി

"സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും വ്യാപാരം ഒഴിവാക്കുകയും ചെയ്യുക..."
-ക്വുർആൻ 65:9



# ജുമുഅ നമസ്കാരം

**മതവിധിയും തെളിവുകളും**

പുരുഷന്മാർക്ക് 'ഫർദു ഐൻ' (വ്യക്തിപരമായി നിർബന്ധം) ആകുന്നു ജമുഅ. അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും വ്യാപാരം ഒഴിവാക്കുകയും ചെയ്യുക..." (ക്വുർആൻ 65:9).

തിരുനബി(സ്വ) പറഞ്ഞു: "പ്രായപൂർത്തിയായ ഓരോരുത്തനും ജുമുഅക്കു പോകൽ നിർബന്ധമാണ്" നബി(സ്വ) പറഞ്ഞു: "ജുമുഅകൾ ഉപേക്ഷിക്കുന്നതിൽനിന്ന് ആളുകൾ വിരമിച്ചുകൊള്ളട്ടെ. അതില്ലെ ങ്കിൽ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ മുദ്രവെക്കുകയും പിന്നീട് അവർ അശ്രദ്ധരാവുകയും ചെയ്യുന്ന താണ്."

ഇമാം നവവി(റഹി) പറഞ്ഞു: "ഇതിൽ ജുമുഅ 'ഫർദു ഐൻ' (വ്യക്തിപരമായി നിർബന്ധം) ആകുന്നു എന്നുണ്ട്. തുടർന്നു പരാമർശിക്കുന്ന ഹദീസിലും ജുമുഅ നിർബന്ധമെന്നുണ്ട്; അത് ഇപ്രകാരമാണ്:

യാത്രക്കാരനു ജുമുഅ നിർബന്ധമില്ല. കാരണം തിരുനബി (സ്വ) തന്റെ യാത്രകളിൽ ജുമുഅ നമസ്കരിക്കുമായിരുന്നില്ല. തന്റെ ഹജ്ജിൽ അറഫയുടെ ദിനം വെള്ളിയാഴ്ചയോട് ഒത്തുവന്നു. എന്നിട്ടും തിരുനബി (സ്വ) വെള്ളിയാഴ്ച ദ്വുഹ്റു നമസ്കരിക്കുകയും അസ്വ്ർ അതിന്റെകൂടെ ജംആക്കുകയുമാണ് ചെയ്തത്. എന്നാൽ ജുമുഅ നിർവഹിക്കപ്പെടുന്ന ഒരു നാട്ടിൽ ചെന്നിറങ്ങുന്ന ഒരു യാത്രക്കാരന് ഏറ്റവും ശ്രേഷ്ഠമായത് മുസ്‌ലിംകളോടൊപ്പം ജുമുഅ നമസ്രിക്കലാണ്. അടിമ, സ്ത്രീ, കുട്ടി, രോഗി, യാത്രക്കാരൻ എന്നിവർ ജുമുഅയിൽ സംബന്ധിച്ചാൽ അത് അവരിൽനിന്ന് സാധുവാകും. ദ്വുഹ്ർ നമസ്കാരത്തെ തൊട്ട് അവർക്കതു മതിയാകുന്നതുമാണ്.



'ജുമുഅ ഓരോ മുസ്‌ലിമിനും നിർബന്ധ ബാധ്യതയാണ്."

## ജുമുഅ ആർക്കാണ് നിർബന്ധമാവുക?

സ്വതന്ത്രനായ, പ്രായപൂർത്തിയെത്തിയ, ബുദ്ധിയുള്ള, ജുമുഅക്കെത്തുവാൻ കഴിവുള്ള, നാട്ടിൽ താമസി ക്കുന്ന ഓരോ മുസ്‌ലിം പുരുഷനും ജുമുഅ നിർബന്ധമാകുന്നു. അടിമ, സ്ത്രീ, കുട്ടി, ഭ്രാന്തൻ, രോഗി, യാത്രക്കാരൻ എന്നിവരുടെ മേൽ ജുമുഅ നിർബന്ധമില്ല.

തിരുനബി(സ്വ) പറഞ്ഞു: "ജുമുഅ ജമാഅത്തായി (സംഘടിതമായി) നിർവഹിക്കൽ ഓരോ മുസ്‌ലിമിനും നിർബന്ധ ബാധ്യതയാണ്, നാലു വിഭാഗത്തിനൊഴിച്ച്; അടിമ, സ്ത്രീ, കുട്ടി, രോഗി എന്നിവരാണ വർ."

എന്നാൽ യാത്രക്കാരനു ജുമുഅ നിർബന്ധമില്ല. കാരണം തിരുനബി(സ്വ) തന്റെ യാത്രകളിൽ ജുമുഅ നമസ്കരിക്കുമായിരുന്നില്ല. തന്റെ ഹജ്ജിൽ അറഫയുടെ ദിനം വെള്ളിയാഴ്ചയോട് ഒത്തുവന്നു. എന്നിട്ടും തിരുനബി (സ്വ) വെള്ളിയാഴ്ച ദ്വുഹ്റു നമസ്കരിക്കുകയും അസ്വ്ർ അതിന്റെകൂടെ ജംആക്കുകയുമാണ് ചെയ്തത്. എന്നാൽ ജുമുഅ നിർവഹിക്കപ്പെടുന്ന ഒരു നാട്ടിൽ ചെന്നിറങ്ങുന്ന ഒരു യാത്രക്കാരന് ഏറ്റവും ശ്രേഷ്ഠമായത് മുസ്‌ലിംകളോടൊപ്പം ജുമുഅ നമസ്രിക്കലാണ്. അടിമ, സ്ത്രീ, കുട്ടി, രോഗി, യാത്രക്കാരൻ എന്നിവർ ജുമുഅയിൽ സംബന്ധിച്ചാൽ അത് അവരിൽനിന്ന് സാധുവാകും. ദ്വുഹ്ർ നമസ്കാരത്തെ തൊട്ട് അവർക്കതു മതിയാകുന്നതുമാണ്.

## ജുമുഅയുടെ സമയം

ജുമുഅയുടെ സമയം ദ്വുഹ്റിന്റെ സമയമാകുന്നു; സൂര്യൻ ആകാശമധ്യത്തിൽനിന്നു തെറ്റിയതു മുതൽ ഒരു വസ്തുവിന്റ നിഴൽ അതിന്റെ നീളത്തോളമാകുന്നതുവരെ. അനസി(റ)ൽനിന്നു നിവേദനം: "സൂര്യൻ ആകാശമധ്യത്തിൽനിന്നു തെറ്റുന്ന വേളയിൽ നബി(സ്വ) ജുമുഅ നമസ്കരിക്കുമായിരുന്നു." ഇതാണ് സ്വഹാബത്തിൽനിന്ന് അവരുടെ പ്രവൃത്തിയായി നിവേദനം ചെയ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ ജുമുഅയിൽനിന്ന് അതിന്റെ സമയം തീരുന്നതിനു മുമ്പ് വല്ലവനും ഒരു റക്അത്തു ലഭിച്ചാൽ അവനു ജുമുഅ ലഭിച്ചിരിക്കുന്നു. ഒരു റക്അത്ത് ജുമുഅയിൽനിന്നു ലഭിച്ചിട്ടില്ലെങ്കിൽ അവൻ ദ്വുഹ്ർ നമസ്കരിക്കട്ടെ. തിരുനബി(സ്വ) പറഞ്ഞു: "വല്ലവന്നും നമസ്കാരത്തിൽനിന്ന് ഒരു റക്അത്ത് ലഭിച്ചാൽ അവന് ആ നമസ്കാരം ലഭിച്ചിരിക്കുന്നു."

## ജുമുഅ ഖുത്വുബ

ജുമുഅയുടെ റുക്നുകളിൽ ഒരു റുക്നാണ് ഖുത്വുബ. അതില്ലാതെ ജുമുഅ സ്വഹീഹാവുകയില്ല. തിരുന ബി(സ്വ) അതു നിത്യമാക്കുകയും ഒരിക്കലും ഒഴിവാക്കാതിരിക്കുകയും ചെയ്തതിനാലാണത്. രണ്ടു ഖുത്വുബകളാണ്. ജുമുഅ നമസ്കാരം സാധുവാകുവാൻ ഖുത്വുബകൾ ജുമുഅ നമസ്കാരത്തെ മുൻ കടക്കണമെന്നത് നിബന്ധനയാകുന്നു.

## ഖുത്വുബയുടെ സുന്നത്തുകൾ

മുസ്‌ലിംകൾക്ക് ഇഹപര നന്മകളുണ്ടാകുന്ന വിഷയങ്ങളിൽ അവർക്കുവേണ്ടി ദുആചെയ്യൽ സുന്നത്താണ്. അതോടൊപ്പം മുസ്‌ലിം ഭരണാധികാരികൾക്കു

നന്മക്കും തൗഫീഖിനും വേണ്ടി ദുആ ചെയ്യണം. കാരണം നബി (സ്വ) വെള്ളിയാഴ്ച ദിവസം ഖുത്വുബ നിർവഹിച്ചാൽ ദുആ ചെയ്യുകയും വിരൽ ചൂണ്ടുകയും ജനങ്ങൾ ആമീൻ നിർവഹിക്കുകയും ചെയ്തിരുന്നു. ഖുത്വുബകളും നമസ്കാരവും ഒരു വ്യക്തി ഏറ്റെടുക്കലും കഴിവിനനുസരിച്ച് ഖുത്വുബയിൽ ശബ്ദമുയർത്തലും നിന്നുകൊണ്ടു ഖുത്വുബ നിർവഹിക്കലും സുന്നത്താണ്. അല്ലാഹു പറഞ്ഞു: "അവർ നിന്ന നിൽപിൽ താങ്കളെ വിട്ടേക്കുകയും ചെയ്യുന്നതാണ്" (ഖുർആൻ 65: 11).

ജാബിർ ഇബ്നു സമുറ(റ) പറയുന്നു: "നിശ്ചയം, അല്ലാഹുവിന്റെ തിരുദൂതർ നിന്നുകൊണ്ട് ഖുത്വുബ പറയുകയും പിന്നീട് ഇരിക്കുകയും ചെയ്യുമായിരുന്നു. ശേഷം എഴുന്നേൽക്കുകയും നിന്നുകൊണ്ടു ഖുത്വുബ നിർവഹിക്കുകയും ചെയ്യുമായിരുന്നു. അതിനാൽ, വല്ലവനും താങ്കളോട് തിരുമേനി ഇരുന്നുകൊണ്ട് ഖുത്വുബ നിർവഹിച്ചിരുന്നു എന്നു പറഞ്ഞാൽ അവൻ കളവു പറഞ്ഞിരിക്കുന്നു."

ഒരു മിമ്പറിലോ അല്ലെങ്കിൽ ഒരു ഉയർന്ന സ്ഥലത്തോ വെച്ചു നിർവഹിക്കലും സുന്നത്താണ്. കാരണം തിരുമേനി(സ്വ) തന്റെ മിമ്പറിൽ വെച്ചായിരുന്നു ഖുത്വുബ നിർവഹിച്ചിരുന്നത്. അത് ഉയരമുള്ളതായിരുന്നു. അതാകുന്നു അറിയിപ്പും ഉപദേശവും കൂടുതൽ ഹൃദയസ്പൃക്കാക്കുന്നത്.

രണ്ടു ഖുത്വുബകൾക്കിടയിൽ കുറച്ചുസമയം ഇരിക്കലും സുന്നത്താകുന്നു. ഇബ്നു ഉമർ(റ) പറയുന്നു: "തിരുനബി(സ്വ) നിന്നുകൊണ്ട് രണ്ടു ഖുത്വുബകൾ നിർവഹിക്കുമായിരുന്നു. ഇരുത്തം കൊണ്ട് അവയ്ക്കിടയിൽ വേർപ്പെടുത്തുകയും ചെയ്യുമായിരുന്നു."

രണ്ടു ഖുത്വുബകളും ചുരുക്കലും രണ്ടാമത്തെത് ആദ്യത്തേതിനെക്കാൾ ചുരുക്കലും സുന്നത്താകുന്നു. നബി(സ്വ) പറഞ്ഞതായി അമ്മാറി(റ)ൽനിന്നു നിവേദനം: "നിശ്ചയം, ഒരു വ്യക്തിയുടെ നമസ്കാരത്തിന്റെ ദൈർഘ്യവും ഖുത്വുബ ചുരുക്കി അവതരിപ്പിക്കലും അയാളുടെ വിജ്ഞാനത്തിന്റെ ലക്ഷണമാണ്. അതിനാൽ നിങ്ങൾ നമസ്കാരം ദീർഘിപ്പിക്കുക; ഖുത്വുബ ചുരുക്കുക."

ഖത്വീബ് മഅ്മൂമുകളെ അഭിമുഖീകരിച്ചാൽ അവരോടു സലാം പറയൽ സുന്നത്താണ്. ജാബിർ(റ) പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതർ മിമ്പറിൽ കയറിയാൽ സലാം പറയുമായിരുന്നു.''

മുഅദ്ദിൻ ബാങ്കുവിളിയിൽനിന്നു വിരമിക്കുന്നതുവരെ ഖത്വീബ് മിമ്പറിൽ ഇരിക്കൽ സുന്നത്താണ്. ഇബ്നുഉമർ(റ) പറഞ്ഞു: "നബി (സ്വ) മിമ്പറിൽ കയറിയാൽ മുഅദ്ദിൻ ബാങ്കുവിളിയിൽനിന്നു വിരമിക്കുന്നതുവരെ ഇരിക്കുമായിരുന്നു. ശേഷം തിരുമേനി എഴുന്നേൽക്കുകയും ഖുത്വുബ പറയുകയും ചെയ്യും."

### ജുമുഅയിൽ ഹറാമാകുന്ന കാര്യങ്ങൾ

ഇമാം ഖുത്വുബ നടത്തിക്കൊണ്ടിരിക്കെ സംസാരം ഹറാമാകുന്നു. തിരുനബി(സ്വ) പറഞ്ഞു: "വെള്ളിയാഴ്ച ഇമാം ഖുത്വുബ നടത്തിക്കൊണ്ടിരിക്കെ വല്ലവനും സംസാരിച്ചാൽ അവൻ ഗ്രന്ഥത്താളുകൾ ചുമക്കുന്ന കഴുതയെ പോലെയാണ്."

നബി(സ്വ) പറഞ്ഞു: "ഇമാം ഖുത്വുബ നടത്തിക്കൊണ്ടിരിക്കെ വല്ലവനും തന്റെ കൂട്ടുകാരനോട് നീ മിണ്ടാതിരിക്കൂ എന്നു പറഞ്ഞാൽ അവൻ ലഗ്‌വാക്കി, അഥവാ തള്ളപ്പെടേണ്ടതും നിരർഥകവുമായ സംസാരം നടത്തി."

ഖുത്വുബക്കിടയിൽ ജനങ്ങളുടെ ചുമലുകൾ കവച്ചുവെച്ച് നടക്കുന്നത് തെറ്റാകുന്നു. ചുമലുകൾ കവച്ചുവെച്ചു നടക്കുന്ന ഒരു വ്യക്തിയെ കണ്ടപ്പോൾ തിരുമേനി(സ്വ) പറഞ്ഞു: "ഇരിക്കൂ. തീർച്ചയായും താങ്കൾ ദ്രോഹം ചെയ്തിരിക്കുന്നു..." അപ്പോൾ, ആ പ്രവൃത്തിയിൽ നമസ്കരിക്കുന്നവർക്ക് ദ്രോഹവും ഖുത്വുബ കേൾക്കുന്നതിൽനിന്ന് അവരുടെ ശ്രദ്ധ തെറ്റിക്കലുമാണുള്ളത്.

എന്നാൽ ഇമാമിനു തന്റെ സ്ഥലത്തേക്ക് എത്തുവാൻ ആളുകളുടെ ചുമലുകളെ കവച്ചുവെച്ച് നടന്നാലല്ലാതെ സാധിക്കുകയില്ലെങ്കിൽ അതിൽ ഇമാമിനു യാതൊരു കുഴപ്പവുമില്ല. ഖുത്വുബക്കിടയിൽ രണ്ടാളുകൾക്കിടയിൽ വേർപ്പെടുത്തി വിടവുണ്ടാക്കുന്നത് വെറുക്കപ്പെട്ടതാണ്. തിരുനബി(സ്വ) പറഞ്ഞു: "വല്ലവനും വെള്ളിയാഴ്ച കുളിക്കുകയും...(പള്ളിയിൽ) പോവുകയും രണ്ടാളുകൾക്കിടയിൽ വേർപ്പെടുത്തി ഇടമുണ്ടാക്കാതെ തനിക്കു വിധിച്ചത് അയാൾ നമസ്കരിക്കുകയും... ചെയ്താൽ അതിനും അടുത്ത ജുമുഅക്കുമിടയിലുള്ള (ചെറുപാപങ്ങൾ) അയാൾക്കു പൊറുക്കപ്പെടും."

### ജുമുഅ ലഭിക്കുവാൻ

ഇമാമിനോടൊപ്പം ഒരു റക്അത്തു ലഭിക്കൽകൊണ്ട് ജുമുഅ ലഭിക്കും. തിരുനബി(സ്വ) പറഞ്ഞതായി അബൂഹുറയ്റ(റ)യിൽനിന്നു നിവേദനം: "വല്ലവന്നും ജുമുഅയിൽനിന്ന് ഒരു റക്അത്തു ലഭിച്ചാൽ അവനു (ജുമുഅ) നമസ്കാരം ലഭിച്ചു." റക്അത്തിനെക്കാൾ കുറവാണ് ഇമാമിനോടൊപ്പം ലഭിച്ചതെങ്കിൽ അവൻ ദ്വുഹ്റു നമസ്കരിക്കട്ടെ. (തുടരും)

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിഖ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽ നിന്നുമെടുത്തത്)*

ഹുസ്ന മലോറം



# നേരിനൊപ്പം നീങ്ങാം

നേരു ജയിക്കട്ടെ
നേർവഴി തെളിയട്ടെ
നേരിനൊപ്പം അണിചേരൂ
നല്ലൊരു ചരിതം തീർക്കൂ.

നേരിനു കാവലിരിക്കാം
ലഹരിക്കെതിരെ പൊരുതാം
ഇരുട്ടു നീക്കാൻ ഒപ്പം നിൽക്കാം
വെട്ടം തെളിയിക്കാം.

തീർന്നുപോകും ഈ ലോകത്ത്
തീരാ നന്മകൾ ചെയ്യാം
പോരൂ അണിയിൽ ചേരൂ
നേരിൻ ശബ്ദമുയർത്തൂ.

എല്ലാം സൃഷ്ടിച്ചതു റബ്ബ്
അവനോടല്ലോ പ്രാർഥനകൾ
അവനല്ലാത്തവരാരും
എല്ലാം അറിയുന്നോരല്ല.

ചതിക്കുഴികൾ നിരന്നു നിൽപൂ
കരുതുക വേണം നമ്മൾ
തിന്മതൻ കുഴിയിൽ വീണെന്നാൽ
തീരും നമ്മുടെ മോഹങ്ങൾ.

അതിരുകളുണ്ടീ മണ്ണിൽ
അരുതുകളുണ്ടീ മണ്ണിൽ
അവകൾ റബ്ബിൻ വിധികൾ
അതു നാം അറിയുക വേണം

നെല്ലും പതിരും തിരിച്ചറിഞ്ഞ്
നേരിൻ വാഹകരാകാം
വരൂ! നമുക്കൊരുമിക്കാം
നേരിനൊപ്പം നീങ്ങാം...



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

43rd

معرض الشارقة الدولي للكتاب

SHARJAH INTERNATIONAL BOOK FAIR

# ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ

# പുറത്തിറങ്ങി..!!










കേരളം കണ്ട മികച്ച ധിഷണാശാലികളിൽ ഒരാളാണ് ഡോ: ഉസ്മാൻ സാഹിബ്. അദ്ദേഹത്തിന്റെ മൂർച്ചയേറിയ തൂലികയിൽ നിന്ന് മലയാളികൾക്ക് ലഭിച്ചത് അത്യപൂർവ്വ രചനകളാണ്. യുക്തിവാദികളും മതപുരോഹിതരും ആ മഹാന്റെ തൂലികക്കു മുന്നിൽ മുട്ട് മടക്കിയതാണ് ചരിത്രം. പുതിയ തലമുറക്ക് പഠിക്കാനും പകർത്താനും നിരവധി കാര്യങ്ങൾ ഉള്ളതിനാൽ, 'സൽസബീലി'ന്റെ പഴയ താളുകളിലുള്ള കനപ്പെട്ട ലേഖനങ്ങൾ ചെറുകൃതികളാക്കി വിസ്ഡം ബുക്സ് ആണ് പുറത്തിറക്കിയിരിക്കുന്നത്.

WISDOM BOOKS

വിസ്ഡം ബുക്സ്:
വായനയുടെ വസന്തം;
നൈതികതയുടെ വീണ്ടെടുപ്പ്




SHARJAH INTERNATIONAL BOOK FAIR

**ZC : 09 (HALL NO. 7)**

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram, Kozhikode 673 002.
Mob: +91 7356766478 www.wisdombooksonline.com

www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
16 November 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM YOUTH

wisdomyouth

*Acing you to the next level*

# PROFACE 4.0

## PROFESSIONALS' FAMILY CONFERENCE



# 16 17 NOVEMBER 2024

## EK NAYANAR ACADEMY KANNUR

WISDOM ISLAMIC
YOUTH ORGANIZATION
KERALA STATE COMMITTEE

8157866866 9633872866

For Registration